കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാലമേൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം,ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി.6-153/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.16.05.2019

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലമേൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാലമേൽ ഗ്രാമപഞ്ചായത്ത്- 2017 -18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************

1994 - ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997-ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി.6-153/2019 തീയതി:16.05.2019

# ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 25.10.2017 മുതൽ 31.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.01.2019 മുതൽ 04.02.2019 വരെ | ശ്രീമതി.സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീമതി.മായാദേവി.സി.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ദീപ.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുഷ.റ്റി.പിള്ള, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. ഓമന വിജയൻ | 01.04.2017മുതൽ 31.03.2018 വരെ |

2) സെക്രട്ടറി

| | |
|---|---|
| ശ്രീ. സി.നന്ദകുമാർ | 01.04.2017 മുതൽ<br>23.06.2017 വരെ |
| ശ്രീ. രാജേന്ദ്രൻ നായർ | 24.06.2017 മുതൽ<br>26.08.2017 FN വരെ |
| ശ്രീ .ആർ .പ്രകാശ്,ജൂനിയർ സൂപ്രണ്ട്(സെക്രട്ടറി -ഇൻ ചാർജ്) | 26.08.2017 AN മുതൽ<br>02.09.2017 FN വരെ |
| ശ്രീമതി.കെ.എസ്.ഷീബ | 02.09.2017 AN മുതൽ<br>31.03.2018 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ . കെ.ബിജു | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീമതി. എസ്.രാധിക | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. കെ.എം.വിശ്വനാഥൻ | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ -<br>വിദ്യാഭ്യാസകാര്യം | ശ്രീമതി . ലളിതാ രവി | 01.04.2017 മുതൽ 31.03.2018 വരെ |

4) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. സിജു.സൂസൻ ജോർജ്ജ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. എ.ആർ.അബ്ദുൾ വാഹിദ് | 01.04.2017 മുതൽ<br>15.02.2018 വരെ |
| | | ഡോ. കെ. ഹരികുമാർ (ചാർജ്ജ്) | 16.02.2018 മുതൽ<br>31.03.2018 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ദിവ്യ | 01.04.2017 മുതൽ<br>31.03.2018 വരെ |
| 4 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി) | ഡോ. തനൂജ .എസ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജോർജ്ജ് കുര്യൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| 6 | ഹെഡ്മിസ്ട്രസ്സ് ഗവ.എൽ.പി.എസ്. | ശ്രീമതി .ഷൈലജ | 01.04.2017 മുതൽ<br>31.03.2018വരെ |
| 7 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ. കെ.എസ് .രവി | 01.04.2017 മുതൽ<br>10.06.2017 വരെ |
| | | ശ്രീമതി.ശാന്തി.ആർ.എസ് | 11.06.2017 മുതൽ<br>31.03.2018 വരെ |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഐശ്വര്യ | 01.04.2017 മുതൽ<br>31.03.2018 വരെ |

| | | | |
|---|---|---|---|
| 9 | ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.ജിഷി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. അൻവർ റഹ്മാൻ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | ഖണ്ഡിക | ഇനം |
|---|---|---|
| 1 | 1-1മുതൽ 1-12 വരെ | പൊതു അവലോകനം |
| ഭാഗം-2 | | |
| 2 | 2-1 | വരവിന രേഖകളുടെ സൂക്ഷിപ്പിൽ ഗൗരവതരമായ അനാസ്ഥ |
| 3 | 2-2 | മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി അടച്ചിട്ടില്ല |
| 4 | 2-3 | കോൺട്രാക്ടർമാർക്ക് തൊഴിൽ നികുതിയിൽ അനർഹമായ ഇളവ് |
| 5 | 2-4 | വാടക അടയ്ക്കുന്നതിൽതുടർച്ചയായ വീഴ്ച – കരാർ പുതുക്കുന്നത് പുന:പരിശോധിക്കണം |
| 6 | 2-5 | പ്രവർത്തി നടപ്പാക്കാത്ത കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല |
| 7 | 2-6 | അഡ്വാൻസുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച് |
| 8 | 2-7 | ടെൻഡർ ഫീസ് ഇനത്തിലെ തുക മുതൽ കൂട്ടിയില്ല |
| 9 | 2-8 | ലേല നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച |
| 10 | 2-9 | ലൈസൻസില്ലാതെ ഫാം പ്രവർത്തിക്കുന്നതായി പൊതുജനങ്ങളുടെ പരാതി |
| 11 | 2-10 | അക്കൗണ്ടുകൾ നിഷ്ക്രിയമായി നിലനിർത്തുന്നു |
| 12 | 2-11 | പ്ലാസ്റ്റിക് പരിപാലന ഫീസ് ഈടാക്കിയില്ല |
| ഭാഗം-3 | | |
| 13 | 3-1 | ഗുണഭോക്തൃതെരഞ്ഞെടുപ്പ് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല |
| 14 | 3-2 | ചെലവഴിക്കാത്ത തുക ലാപ്സാകുന്നത് സംബന്ധിച്ച് |
| 15 | 3-3 | ഇ.എം.എസ്.പദ്ധതി - ഏകദേശം 27 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു |
| 16 | 3-4 | തെരുവുവിളക്കു പരിപാലന പ്രോജക്ടുകളിലെ അപാകതകൾ |
| 17 | 3-5 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല.മുൻവർഷചെലവ് നിക്ഷേപമായി തുടരുന്നു |
| 18 | 3-6 | സോളാർ പാനൽ സ്ഥാപിക്കൽ. അപാകതകൾ |
| 19 | 3-7 | ക്രൂസ് മുഖേന LED ലൈറ്റ് സ്ഥാപിക്കൽ. പദ്ധതി പൂർത്തിയായില്ല |
| 20 | 3-8 | സാമ്പത്തികവർഷാവസാനം മാത്രം കരാറുകാർക്ക് സൈറ്റ് കൈമാറുന്നു-മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല |
| 21 | 3-9 | സ്ഥലലഭ്യത ഉറപ്പാക്കാതെ കരാർ നൽകുന്നു. പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാലതാമസം |
| 22 | 3-10 | എരുമക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം - പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച |

| | | |
|---|---|---|
| 23 | 3-11 | സേവനനികുതിയുൾപ്പെടെയുള്ള തുക കരാറുകാരന് നൽകി |
| 24 | 3-12 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് - പരിധിയിൽക്കൂടുതൽ അനുവദിച്ച സബ്സിഡിത്തുക തിരികെ ഒടുക്കുവരുത്തി |
| 25 | 3-13 | മുട്ടക്കോഴിവിതരണം കൂടുതൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കുവരുത്തി |
| 26 | 3-14 | കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയായിട്ടില്ല. - തുക തടസ്സപ്പെടുത്തുന്നു |
| 27 | 3-15 | സാമൂഹ്യക്ഷേമ പെൻഷനുകൾ. പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ലഭ്യമായില്ല |
| 28 | 3-16 | ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -അർഹമായ തുക പൂർണ്ണമായി വിതരണം ചെയ്തില്ല |
| 29 | 3-17 | അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ |
| 30 | 3-18 | ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയില്ല |
| 31 | 3-19 | മഴക്കാലപൂർവ്വ ശുചീകരണം-അപാകതകൾ |
| 32 | 3-20 | അടച്ച തുകയ്ക്ക് അനുസൃതമായി മരുന്ന് ലഭിച്ചില്ല |
| 33 | 3-21 | ഐ.എ.വൈ.പദ്ധതി ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല |
| 34 | 3-22 | വീട് പുനരുദ്ധാരണം അർഹതാമാനദണ്ഡത്തിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നല്കി |
| 35 | 3-23 | ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല |
| 36 | 3-24 | പഠനമുറി നിർമ്മാണം പൂർത്തിയായില്ല; വിദ്യാർത്ഥികൾക്ക് അർഹമായ പ്രോത്സാഹനം സാദ്ധ്യമായില്ല |
| ഭാഗം-4 | | |
| 37 | 4-1മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 38 | അനുബന്ധം.1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 39 | അനുബന്ധം.2 | |

## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 29.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 280906000 | 116242242 |
| വാർഷിക കണക്ക് പ്രകാരം | 62461668 | 59093403 |

പഞ്ചായത്തുകളുടെ പുതുക്കിയ മാന്വൽ നിർദ്ദേശപ്രകാരമാണ് ബജറ്റ് തയ്യാറാക്കിയത് എന്ന് ഓഡിറ്റ് എൻക്വയറി.1നുള്ള മറുപടിയിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ബജറ്റ് വരവുചെലവുകളും യഥാർത്ഥവരവു ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ.എ.എൽ.പി.ജി.എ.4_1126(25)/18/ 08.08.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 28999880 |
| വരവ് | 62461668 |
| ആകെ | 91461548 |
| ചെലവ് | 59093403 |
| നീക്കിയിരിപ്പ് | 32368145 |

## 1-5 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 19065000 | 19065000 | 14616495 | 4448505 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11488979 | 11488979 | 9148576 | 2340403 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9599000 | 9599000 | 1931278 | 7667722 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4181000 | 4181000 | 425458 | 3755542 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8818492 | 8818492 | 6920078 | 1898414 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1357247 | 1357247 | 1106583 | 250664 |
| എം.എൻ.ആർ. ഇ. ജി.എസ്. | 628888 | 565468 | 1194356 | 1184566 | 9790 |
| ദുരിതാശ്വാസ ഫണ്ട് | 1818 | 0 | 1818 | 0 | 1818 |
| ജോയിന്റ് വെഞ്ച്വർ (ട്രഷറി റ്റി.എസ്.ബി) | 107825 | 3648735 | 3756560 | 3325964 | 430596 |
| ബി ഫണ്ട് | 0 | 71379480 | 71379480 | 71379480 | 0 |
| എസ്.ബി.റ്റി സാനിട്ടേഷൻ | 564821 | 175623 | 740444 | 194990 | 545454 |
| ജനറൽ പർപ്പസ്<br>(ട്രഷറി റ്റി.എസ്.ബി) | 12896550 | 28222903 | 41119453 | 27728079 | 13391374 |
| ട്രഷറി ഓൺ ഫണ്ട് | 29260 | 1090 | 30350 | - | 30350 |
| സാക്ഷരത | 595 | 0 | 595 | 595 | 0 |
| തനത് ഫണ്ട് | 13877775 | 12287665 | 26165440 | 8747787 | 17417653 |
| ജലധാര (ആലപ്പുഴ ഡി.സി.ബി) | 6684 | - | 6684 | - | 6684 |
| സാനിട്ടേഷൻ (ആലപ്പുഴ ഡി.സി.ബി) | 81018 | - | 81018 | - | 81018 |
| ഐ.സി.ഡി.എസ് | 533998 | 637308 | 1171306 | 274759 | 896547 |
| ഇ.എം.എസ് | 153269 | 7404 | 160673 | 0 | 160673 |
| ഇ-പേയ്മെന്റ് | 298070 | 56165 | 354235 | 316608 | 37627 |

| | | | | | |
|---|---|---|---|---|---|
| ക്യാഷ് | 353307 | 255108 | 608415 | 353307 | 255108 |

1-6

## പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 160 | 87041432 | 54 | 43876822 | 25 | 81 | 50.41 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 628888 | 565468 | 1194356 | 1184566 | 9790 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 31519733 | 31519733 | 31519733 | 0 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 154080 | 334 |
| കർഷകതൊഴിലാളി പെൻഷൻ | 5592700 | 508 |
| വിധവാപെൻഷൻ | 16406500 | 1400 |
| വാർദ്ധക്യകാല പെൻഷൻ | 37588700 | 3045 |
| വികലാംഗ പെൻഷൻ | 4214500 | 376 |
| അവിവാഹിത പെൻഷൻ | 7213000 | 62 |
| വിവാഹധനസഹായം(വിധവകളുടെ പെൺമക്കൾക്ക്) | 210000 | 7 |

| | | |
|---|---|---|
| ആകെ | 71379480 | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 14815 /-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഓഫീസ് ഓർഡർ തയ്യാറാക്കി ജീവനക്കാർക്ക് ജോലി വിഭജനം നടത്തി നൽകിയിരുന്നു. സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധി പാലിക്കുന്നതിനായി ജീവനക്കാരുടെ ഓരോ തലത്തിലും സമയപരിധി നിശ്ചയിച്ച് സെക്രട്ടറി ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ഓരോ സെക്ഷനും ലഭിക്കുന്ന അപേക്ഷകൾ സേവനാവകാശനിയമപ്രകാരമുള്ള കാലയളവിനുള്ളിൽ ഡിസ്പോസ്ചെയ്യുന്നുണ്ടോ എന്ന് വിലയിരുത്തത്തക്ക വിധം പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. സൂചിക സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലെ ഡിസ്പോസൽ സംബന്ധിച്ച വിവരങ്ങൾ ഇതിൽ നിന്നും ലഭിക്കുന്നില്ല. ഡിസ്പോസ് ചെയ്ത ഫയലുകൾ സൂചികറിപ്പോർട്ടിൽ ഇപ്പോഴും പെന്റിംഗ് ആയാണ് കാണപ്പെടുന്നത്. തപാൽ തീർപ്പാക്കൽ സംവിധാനം ഒട്ടും കാര്യക്ഷമമല്ല. തപാലുകളുടെ തീർപ്പ് സംബന്ധിച്ച് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. ക്ഷേമപെൻഷനുകൾക്കായി ലഭിച്ച അപേക്ഷകളുടെ തൽസ്ഥിതി അറിയുന്ന വിധത്തിൽ ഒരു രജിസ്റ്റർ സൂക്ഷിക്കാത്തത് പുരോഗതി വിലയിരുത്തലിന് തടസ്സമാണ്.

2.പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നില്ല. ഇവയുടെ തുടർ പരിശോധന നടത്തുന്നില്ല. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യേറുന്നതായുള്ള പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലെന്ന വ്യക്തമാകുന്നു.

3.വാങ്ങലുകൾ നടത്തുന്നതിൽ പലപ്പോഴും പ്രൊക്യുവർമെന്റ് മാന്വലിൽ/സ്റ്റോർ പർച്ചേസ് മാന്വലിൽ നിന്ന് വ്യതിചലിക്കുന്നതായി കാണുന്നു. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2016-17 –ൽ അംഗീകരിച്ച പല വാങ്ങൽ പ്രോജക്ടുകളും ഈ സാമ്പത്തികവർഷവും നടന്നിട്ടില്ല. ഇത് പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

4.സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല.

5.പഞ്ചായത്തിന്റെ വരവിനങ്ങൾ ആർജ്ജിക്കുന്നതിൽ ജീവനക്കാരും ധനകാര്യസ്ഥിരംസമിതിയും ശുഷ്കാന്തി കാണിക്കുന്നില്ല. എല്ലാ വരവിനങ്ങളിലും കുടിശ്ശിക നിലനിൽക്കുന്നു. വരവിനങ്ങളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ കുറ്റകരമായ അനാസ്ഥയാണ് സെക്ഷനുകൾ പുലർത്തുന്നത്.

6. സെക്രട്ടറിമാർ ഉൾപ്പെടെ എല്ലാ സെക്ഷനുകളിലും ജീവനക്കാരുടെ കൂട്ടസ്ഥലമാറ്റം പഞ്ചായത്തിന്റെ പ്രവർത്തനത്തെ വളരെയധികം ബാധിക്കുന്നതായി കാണുന്നു. പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ഈ പ്രവണത ഒഴിവാക്കപ്പെടണം. ഇതിനായി ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

7.പഞ്ചായത്തിന്റെ പദ്ധതിചെലവുകൾ വളരെ പിന്നിലാണ്. വിവിധ ഫണ്ടുകളിൽ 2 കോടിയോളം രൂപ ചെലവഴിക്കപ്പെട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതിപ്രവർത്തനങ്ങളിൽ സജീവ ഇടപെടൽ നടത്തുന്നില്ല. എക്സിറ്റ് മീറ്റിംഗിൽ പ്രസിഡന്റുൾപ്പെടെ മൂന്ന് ജനപ്രതിനിധികൾ മാത്രമാണ് പങ്കെടുത്തത്. ജനകീയസഭകൾ കാര്യക്ഷമമാകാതെ പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുകയില്ല.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം ഒട്ടും തന്നെ തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.01.2019 -23.01.2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.10.2017-27.10.2017 | 2013-14 മുതൽ 2016-17 വരെ | 13.12.2017 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

സ്ഥാപനത്തിന്റെ വാർഷിക കണക്കുകളിലെ അപാകതകൾ കെ.എസ്.എ-എ.എൽ.പി-ജിഎ.4-1126(25)/18 /08.08.18 ആയി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിരുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വരവിനങ്ങളുടെ രേഖകൾ സൂക്ഷിക്കുന്നതിൽ ഗൗരവതരമായ അനാസ്ഥ

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, ബിൽഡിംഗ് പെർമിറ്റ്, വാടക എന്നിവയുടെ രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം വളരെ ശോചനീയമായ അവസ്ഥയിലാണ്. ഓരോ ഇനവും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.വസ്തു നികുതി

തനതു വരുമാന സ്രോതസ്സിൽ ഏറ്റവും പ്രധാനപ്പെട്ട ഇനമാണ് വസ്തു നികുതി. എന്നാൽ വസ്തു നികുതി സംബന്ധമായ ഒരു രേഖയും കൃത്യമായി സൂക്ഷിച്ചിട്ടില്ല. 2017-18ൽ പുതിയതായി അസസ്സ് ചെയ്ത കെട്ടിടങ്ങളുടെ മാന്വൽ രജിസ്റ്റർ എഴുതുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും എടുത്ത പത്രിക കൃത്യമായിരുന്നില്ല. വിമുക്ത ഭടന്മാരുടെ വസ്തു നികുതി ഇളവ്, വേക്കൻസി റെമിഷൻ എന്നിവയുടെ രേഖകൾ ഓഡിറ്റ് അന്വേഷണം മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കാം എന്ന മറുപടി ലഭ്യമാക്കിയതല്ലാതെ രേഖകൾ നല്കിയില്ല.

2.തൊഴിൽ നികുതി

തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നില്ല. പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് തുടരുന്നത്. അർദ്ധവാർഷിക പത്രികകൾ കൃത്യമായി അടുക്കി സൂക്ഷിക്കുന്നില്ല.

3.ബിൽഡിംഗ് പെർമിറ്റ്

04/17 മുതൽ 10/17 വരെ മാന്വലായി എഴുതിയ രജിസ്റ്ററും തുടർന്ന് സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയുമാണ് പെർമിറ്റ് സംബന്ധമായ രേഖകൾ സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്റർ പരിശോധിച്ചതിൽ പല അപേക്ഷകളിലും പെർമിറ്റ് അനുവദിക്കുന്നതിൽ സമയക്രമം പാലിച്ചിട്ടില്ല എന്നും പഞ്ചായത്തിനെ സംബന്ധിച്ച് ഏറ്റവും പ്രാധാന്യം

നൽകേണ്ട ഈ രജിസ്റ്റർ വളരെ ഉദാസീനമായാണ് 2017-18-ൽ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ഉദ്യോഗസ്ഥർ പരിപാലിച്ചിരുന്നതെന്നും വ്യക്തമാണ്. സോഫ്റ്റ്‌വെയർ മുഖേനയുള്ള പത്രികയിൽ, സമർപ്പിക്കപ്പെട്ട അപേക്ഷ പുതിയ നിർമ്മാണത്തിനുള്ളതോ, അതോ ക്രമവല്ക്കരണത്തിനുള്ളതോ എന്നത് പ്രത്യേകമായി പരാമർശിക്കുന്നില്ല.

4.വാടക

പഞ്ചായത്ത് കെട്ടിടത്തോടനുബന്ധിച്ചുള്ള ഹാളുകളും, കടമുറികളും, എരുമക്കുഴി ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, ആദിക്കാട്ടുകുളങ്ങരയിലെ 2 കടമുറികൾ, കമ്മ്യൂണിറ്റി ഹാൾ എന്നിവ വാടക വരുമാന സ്രോതസ്സുകളാണ്. വാടക സംബന്ധിച്ച് പഞ്ചായത്ത് നാളിതു വരേയും കൃത്യമായ ബൈലോ തയ്യാറാക്കിയിട്ടില്ല. വാടക രജിസ്റ്ററിൽ വാടകക്കാരുടെ പേരും ഈടാക്കുന്ന വാടകയും മാത്രമാണ് ചേർത്തിട്ടുള്ളത്. ഇത് ഏത് കെട്ടിടം എന്നത് എഴുതിയിട്ടില്ല. വാടകക്കാരനും പഞ്ചായത്തും തമ്മിൽ വാടക സംബന്ധമായ കരാറിൽ ഏർപ്പെടുന്നതിനായി വാങ്ങിയ മുദ്രപത്രങ്ങളിൽ ചിലത് ഒന്നും എഴുതാതെ സൂക്ഷിച്ചിരിക്കുന്നു.

2017-18 കാലയളവിൽ ഓരോ ഡി.സി.ബി സെക്ഷനും നിരവധി ജീവനക്കാർ കൈകാര്യം ചെയ്തിരുന്നതായി ജോലി വിഭജന രേഖകൾ വ്യക്തമാക്കുന്നു. സെക്ഷനിലെ രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിലും അടുത്ത ആൾക്ക് കൈമാറുന്നതിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. മേൽനോട്ട ചുമതലയുള്ള അധികൃതർ ഇത് പരിശോധിച്ച് അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കേണ്ടതാണ്. വിഷയം ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പെർഫോമൻസ് ഓഡിറ്റ് വിഭാഗം എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 മൊബൈൽ ഫോൺ ടവറുകളുടെ വസ്തു നികുതി അടച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 14 മൊബൈൽ ഫോൺ ടവറുകളിൽ ചുവടെ പട്ടികയിൽ ചേർക്കുന്ന ടവറുകളുടെ വസ്തുനികുതി 2017-18 കാലയളവിൽ ഈടാക്കിയിട്ടില്ല.

| ക്രമ നം. | വാർഡിന്റെ പേര് | മൊബൈൽ ടവറിന്റെ ഉടമസ്ഥത | വാർഡ് നം /കെട്ടിട നം | നികുതി | ലൈബ്രറി സെസ്സ് | ആകെ |
|---|---|---|---|---|---|---|
| 1 | മുതുകാട്ടുകര | ബി.എസ്.എൻ.എൽ | I/521A | 7700 | 385 | 8085 |
| 2 | കാവുപാട് | ബി.എസ്.എൻ.എൽ | III/406 | 6600 | 330 | 6930 |
| 3 | കുടശ്ശനാട് | ബി.എസ്.എൻ.എൽ | VI/506B | 7700 | 385 | 8085 |
| 4 | കഞ്ചുകോട് | ബി.എസ്.എൻ.എൽ | VIII/406 | 4950 | 248 | 5198 |
| 5 | ആദിക്കാട്ടുകുളങ്ങര | ബി.എസ്.എൻ.എൽ | X/231B | 7700 | 385 | 8085 |
| 6 | പയ്യനല്ലൂർ | ഭാരതി എയർ ടെൽ | XIII/318 | 6993 | 350 | 7343 |

നികുതി

അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 30/02.02.2019 ന് ഉള്ള മറുപടിയിൽ വസ്തു നികുതി അടയ്ക്കുവാൻ വീഴ്ച വരുത്തിയവർക്കെതിരെ പ്രൊസിക്യൂഷൻ നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിച്ചു. തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 2-3 കോൺട്രാക്ടർമാർക്ക് തൊഴിൽ നികുതിയിൽ അനർഹമായ ഇളവ്

ഗ്രാമപഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം മുഖേന നടത്തുന്ന വിവിധ കരാർ പ്രവർത്തികൾക്കായി 15 കോൺട്രാക്ടർമാർ 2017-18-ൽ ഉണ്ടായിരുന്നതായി ടെൻഡർ രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഇവരാരും തന്നെ തൻ വർഷം തൊഴിൽ നികുതി അടച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) പ്രകാരം ഇവർ തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക എന്നത് സെക്രട്ടറിയുടെ ചുമതലയാണ്. അനർഹമായ ഇളവ് നല്കി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കിയതിന്മേൽ വിശദീകരണവും നിലവിൽ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 26/02.02.19 ന് ഉള്ള മറുപടിയിൽ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

അസസ്സ്മെന്റ്, ഡിമാന്റ് എന്നിവ കൃത്യമാക്കി തൊഴിൽ നികുതി അടയ്ക്കുവാൻ ബാദ്ധ്യസ്ഥരായവരിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കേണ്ടതാണ് .

## 2-4 വാടക അടയ്ക്കുന്നതിൽതുടർച്ചയായ വീഴ്ച – കരാർ പുതുക്കുന്നത് പുന:പരിശോധിക്കണം

ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓഫീസിന് (19/468 റൂം നം. 10) 2017-18 കാലയളവിൽ 31.08.17 വരെ 4563/- രൂപ നിരക്കിലും തുടർന്ന് 5247/-രൂപ നിരക്കിലും വാടക നിശ്ചയിച്ചിരുന്നു. എന്നാൽ ടി ഓഫീസിൽ നിന്നും ഏപ്രിൽ, മെയ് മാസങ്ങളിലെ വാടക മാത്രമേ അടച്ചിട്ടുള്ളൂ. മുൻ വർഷങ്ങളിലും ഈ സ്ഥാപനം വാടക ഒടുക്കുന്നതിൽ തുടർച്ചയായ വീഴ്ച വരുത്തിയിട്ടുണ്ട്. നിരവധി കത്തിടപാടുകൾ നടത്തിയതിനു ശേഷം മാത്രമാണ് വാടക ഒടുക്കുവാൻ സ്ഥാപനം സന്നദ്ധമായത്. സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയെങ്കിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസുകൾക്ക് പ്രത്യേക ഇളവുകൾ അനുവദിച്ചിട്ടില്ല.

നിയമാനുസൃതം ലഭിക്കേണ്ട വാടക ഈടാക്കുന്നതിൽ കർശന നിലപാടുകൾ സ്വീകരിക്കുകയും തുടർന്നും വീഴ്ച വരുത്തുന്ന പക്ഷം കരാർ പുതുക്കുന്നത് പുന:പരിശോധിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നം.8/29.01.19 ന് കുടിശ്ശിക സഹിതമുള്ള വാടക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## 2-5 പ്രവൃത്തി നടപ്പാക്കാത്ത കരാറുകാരുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതൽക്കൂട്ടിയില്ല

2017-18 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് കോൺക്രീറ്റിംഗ് വർക്കുകൾ ചെയ്യുന്നതിനായി കരാറുകാരുമായി എഗ്രീമെന്റ് വെച്ചിരുന്നെങ്കിലും പ്രവൃത്തികൾ നടപ്പാക്കിയിട്ടില്ല. ഇപ്രകാരം പ്രവൃത്തി നടപ്പാക്കാത്ത കരാറുകാർക്കെതിരെ നടപടികൾ സ്വീകരിച്ചതായുള്ള രേഖകളും പരിശോധനയ്ക്ക് ലഭിച്ചില്ല.

| ക്രമനം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | സെക്യൂരിറ്റി ഡെപ്പോസിറ്റ് | കരാറുകാരന്റെ പേര് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഇനത്തിൽ അടക്കേണ്ട തുക | |
| 1 | കിണറുവിള മാവിള ജംഗ്ഷൻ റോഡ് കോൺക്രീറ്റിംഗ്,വാർഡ് 4 | 298327 | 14916 | ആകർഷ് കുമാർ പി |
| 2 | മണിമംഗലത്ത് റോഡ് കോൺക്രീറ്റിംഗ് വാർഡ് 19 | 336343.28 | 16817 | ആകർഷ് കുമാർ പി |
| 3 | കോട്ടവിള കൊട്ടാരത്തിൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 13 | 392521.5 | 19626 | ആകർഷ് കുമാർ പി |
| 4 | അരിവണ്ണൂർവിള കൊടവൻചിറ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 15 | 196260. | 9813 | ആകർഷ് കുമാർ പി |
| 5 | കുളത്തും വടക്ക് എൽ പി സ്കൂൾ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 9 | 143001.45 (ട്രഷറി സേവിംഗ്സ്) | 7150 | അജിത് എസ് |
| 6 | തയ്യിൽ ഏലാ റോഡ് കോൺക്രീറ്റിംഗ് വാർഡ് 10 | 154212.53(ട്രഷറി സേവിംഗ്സ്) | 7711 | അജിത് എസ് |
| 7 | മുല്ലശ്ശേരിൽ ധർമഭവനം റോഡ് കോൺക്രീറ്റിംഗ് വാർഡ് 18 | 235512.9 | 11776 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 8 | നടയിൽ കിഴക്തിൽ പണയിൽ ക്ഷേത്രം റോഡ് കോൺക്രീറ്റിംഗ് വാർഡ് 17, ഫാക്ടറി | 392521.5 | 19626 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 9 | കുറ്റിയിൽ ജംഗ്ഷൻ മങ്ങാട്ട് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 16 | 323830.24 | 161915 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 10 | അറുതുണ്ടിൽ വാഴപ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 14 പള്ളിക്കൽ | 321415.36 | 16071 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 11 | ഇളയശ്ശേരിൽ മുക്കോലത്ത് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 12 | 353296.13 | 17665 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 12 | ചേന്നങ്കര കണ്ണാട്ടുകിഴക്കതിൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 11 | 332351.16 | 16618 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 13 | തയ്യിൽ വഴി കണ്ടരളൻ വഴി റോഡ് കോൺക്രീറ്റിംഗ് | 368988.29 | 18449 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |

| | | | | |
|---|---|---|---|---|
| 14 | കാഞ്ഞിരവിളയിൽ പഞ്ചോലിൽ വയൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 7 | 230933.48 | 11547 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 15 | കല്ലുതറ വഴി വൻമേലിൽ മുക്ക് റോഡ് കോൺക്രീറ്റിംഗ്, വാർഡ് 6, | 336466.13 | 16823 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 16 | മണ്ണശ്ശേരിൽ ക്ഷേത്രം വടക്കേത്തറ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 5 | 329718.06 | 16490 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 17 | കരണ്ടയിൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 3 | 203284.41 | 10164 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 18 | അരിയാണ്ടേത്ത് നല്ലാവീട്ടിൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 2 | 294391.13 | 14720 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| 19 | ചെറുവള്ളിൽ തെക്ക് വയൽ റോഡ് കോൺക്രീറ്റിംഗ്, വാർഡ് 4 | 143001.45 | 7150 | ചന്ദ്രശേഖരൻ ഉണ്ണിത്താൻ |
| | ആകെ | | 415047 | |

കരാർ ചമച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാറുകാരൻ സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി നടപ്പാക്കാതിരുന്നാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പണി മറ്റൊരു കരാറുകാരനെ കൊണ്ട് ചെയ്യിക്കേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്. ആയതിനാൽ 415047/- രൂപ തനത് ഫണ്ടിൽ മുതൽക്കൂട്ടി മറുപടി നൽകേണ്ടതാണ്.

## 2-6 അഡ്വാൻസുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച്

വാർഷികകണക്കുപ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ശ്രീ.പ്രകാശ്.ആർ.അസിസ്റ്റന്റ് സെക്രട്ടറി-6000/-രൂപ, ശ്രീ.ബിന്ദുരാജ്.എം.എ.സെക്രട്ടറി-6000/-രൂപ, ശ്രീമതി.ജ്യോതി.എസ് അക്കൗണ്ടന്റ്-3000/-രൂപ, ശ്രീമതി.രമ്യ.വി. ക്ലാർക്ക്-8000/-രൂപ എന്നിങ്ങനെ ആകെ 23000/-രൂപ തിരികെ ലഭിക്കാനുണ്ട്. പഞ്ചായത്തിനു ലഭിക്കേണ്ട തുക തിരികെ ഈടാക്കേണ്ടതാണ്. സാക്ഷരതപ്രേരക് മാർക്കുള്ള ഓണറേറിയം തനതുഫണ്ടിൽ നിന്നും നൽകിയതിൽ 40886/- രൂപയും, തൊഴിലുറപ്പ് കരാർ ജീവനക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്ക് മുൻകൂർ നൽകിയതിൽ 272465/- രൂപയും മഴക്കാലപൂർവ്വശുചീകരണത്തിന് പി.എച്ച്.സെന്ററിനു നൽകിയതിൽ 59090/-രൂപയും തിരികെ ലഭിക്കാനുണ്ട്. ഇവ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ടെൻഡർ ഫീസ് ഇനത്തിലെ തുക മുതൽ കൂട്ടിയില്ല

2017-18 വർഷം 28 മരാമത്ത് പ്രവൃത്തികൾക്കായി ഇ ടെൻഡർ ക്ഷണിച്ചിരുന്നു. ഈ പ്രവർത്തികളുടെ ടെൻഡർ ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട 83084/- രൂപ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. ഈ തുക പഞ്ചായത്തിലേക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ലേല നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആദിക്കാട്ടുകുളങ്ങരയിലെ 10/373 നമ്പർ കടമുറി 2017-18 കാലയളവിൽ വാടകയ്ക്ക് നല്കുന്നതിന് ലേല നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. ഈ കെട്ടിടം സംബന്ധിച്ച വിവരം തൻ വർഷത്തെ ലേലം/വാടക രജിസ്റ്ററിൽ ചേർത്തിട്ടില്ല. ലേല നടപടികൾ സ്വീകരിക്കുന്നതിലെ വീഴ്ച സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (08/29.01.19) നല്കിയ മറുപടിയിൽ ഈ കടമുറിയുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരിക്കുകയാണെന്നും ആയത് പുന:സ്ഥാപിച്ച് 2019-20 വർഷം ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 2-9 ലൈസൻസില്ലാതെ ഫാം പ്രവർത്തിക്കുന്നതായി പൊതുജനങ്ങളുടെ പരാതി

2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ ) ചട്ടങ്ങളിലെ, ചട്ടം 3 ഉപചട്ടം 2 പ്രകാരം സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നിബന്ധനകൾ പാലിയ്ക്കാതെയും യാതൊരാളും ചട്ടം 3 ന്റെ ഒന്നാം ഉപ ചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ എണ്ണം മൃഗങ്ങളെയോ പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിയ്ക്കുവാനോ നടത്തിക്കൊണ്ടു പോകുവാനോ പാടുള്ളതല്ല. എന്നാൽ പാലമേൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ബാബു പ്രകാശ്, ചാമ വിളയിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ബീ.പീ എഗ് ഫാം എന്ന കോഴി ഫാം നിയമ വ്യവസ്ഥകൾക്കെല്ലാം വിരുദ്ധമായി സമീപവാസികൾക്ക് അസഹ്യതയുളവാക്കും വിധം അനധികൃതമായാണ് പ്രവർത്തിയ്ക്കുന്നതെന്ന് വിവരാവകാശം/പരാതി സംബന്ധമായ രേഖകൾ വ്യക്തമാക്കുന്നു.

മേൽ സ്ഥാപനത്തിന് 2017-18 വർഷം ഡി&ഒ ലൈസൻസ് നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലായെങ്കിൽ അതിനുള്ള കാരണവും, ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതി കൈക്കൊണ്ടിട്ടുള്ള തീരുമാനവും വ്യക്തമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.15/31.01.19 ന് നല്കിയ മറുപടിയിൽ വിഷയം മനുഷ്യാവകാശ കമ്മീഷൻ, നിയമ സഹായ ക്ലിനിക്ക് എന്നിവിടങ്ങളിൽ തീർപ്പായില്ലെന്നും പാലമേൽ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പരിശോധനാ റിപ്പോർട്ടിനു വിധേയമായി മാത്രമേ ലൈസൻസ് നല്കുകയുള്ളൂവെന്നും അറിയിച്ചു. പാലമേൽ പഞ്ചായത്തിന്റെ 27.02.18 ലെ യോഗത്തിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനം അടച്ചു പൂട്ടുന്ന വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്തതിൽ ഫാം ഉടമയുടെ ഉപജീവന മാർഗ്ഗം അടയ്ക്കേണ്ടതില്ലെന്ന തീരുമാനമാണ് കൈക്കൊണ്ടത്. ഇത് പൊതുജന താല്പര്യത്തിനു വിരുദ്ധമാകയാൽ ഭരണ സമിതിയുടെ തീരുമാനം പുന: പരിശോധിക്കുകയും അനധികൃതമായി തുടരുന്ന സ്ഥാപനത്തിനെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ് .

## 2-10 അക്കൗണ്ടുകൾ നിഷ്ക്രിയമായി നിലനിർത്തുന്നു

2017-18 വാർഷിക ധനകാര്യ പത്രിക RP40(a) , RP40(b) എന്നിവയും അനുബന്ധ ബാങ്ക് പാസ്സ് ബുക്കുകളും പ്രകാരം ചുവടെ ചേർക്കുന്ന അക്കൗണ്ടുകൾ 31.03. 2015 മുതൽ നിഷ്ക്രിയമാണ്.

| ബാങ്ക് | അക്കൗണ്ട് | മുന്നിരിപ്പ്/നീക്കിയിരിപ്പ് |
|---|---|---|
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | ജലധാര | 6648 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | സാനിട്ടേഷൻ | 81018 |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | ദുരിതാശ്വാസ നിധി | 1818 |
| | ആകെ | 89520 |

അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും അങ്ങനെയെങ്കിൽ സ്വീകരിച്ച നടപടികളും അറിയിക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം.19/ 01.02.19 ന് നല്കിയ മറുപടിയിൽ ജലധാര, ദുരിതാശ്വാസ നിധി എന്നീ അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് സെക്രട്ടറി മറുപടി നല്കി. കൂടാതെ പഞ്ചായത്ത് കമ്മിറ്റിയുടെ 29.01.2019 ലെ 6(1) നമ്പർ തീരുമാന പ്രകാരം സ്വച്ഛ്ഭാരത മിഷന്റെ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് സ്വീകരിക്കുന്നതിന് സാനിട്ടേഷൻ അക്കൗണ്ട് വിനിയോഗിക്കുമെന്നും ആ അക്കൗണ്ടിലെ നിലവിൽ നീക്കിയിരിപ്പുള്ള തുക ഇതേ ആവശ്യത്തിന് എസ്.ബി.റ്റി നൂറനാട് ശാഖയിലുള്ള അക്കൗണ്ടിലേക്ക് മാറ്റിയിടുമെന്നും അറിയിച്ചു.

2015 മുതൽ നാളിതുവരെ നിർജ്ജീവമായിരുന്ന അക്കൗണ്ടുകളിൽ നടപടിയെടുത്തില്ല എന്നതും വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നതും പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടി പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-11 പ്ലാസ്റ്റിക് പരിപാലന ഫീസ് ഈടാക്കിയില്ല

പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് 24-9-2016-ൽ പുറപ്പെടുവിച്ച 576/ഡി.സി.1/16 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം, സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ എന്നും ഇപ്രകാരം വില്പനസാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്നതിന് വ്യാപാരികളും തെരുവുകച്ചവടക്കാരും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ സർക്കുലർ പ്രകാരം ഒരുമാസം കുറഞ്ഞത് 4000/-രൂപ നിരക്കിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി ഒടുക്കി ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിന് അടിയന്തിര വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പാലമേൽ പഞ്ചായത്ത് ഇപ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല.

പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീസായി വരുമാനം ഒന്നും തന്നെ 2017-18 വർഷം ലഭിച്ചിട്ടില്ല. പ്ലാസ്റ്റിക്ക് നിരോധനം സംബന്ധിച്ച സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം.31/04.02.19 ന് നല്കിയ മറുപടിയിൽ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചു. വിഷയം ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗുണഭോക്തൃതെരഞ്ഞെടുപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) 80/2017 തീയതി.3-4-2017ഖണ്ഡിക 20.2 പ്രകാരം ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും, ഇവ പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടന്നിട്ടുള്ളത്.

മേൽ ഉത്തരവുപ്രകാരമുള്ള നടപടിക്രമം.

1. വ്യാപകമായ പ്രചരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസരം നൽകുക.
2. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരായവരെ ഒഴിവാക്കി അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുക.
3. ഇവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി, അർഹരായ മുഴുവൻ പേരെയും ഉൾപ്പെടുത്തി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുക.
4. ഈ ലിസ്റ്റ് ഫീൽഡ് ലവൽ പരിശോധന നടത്തി മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കുക.
5. ഈ ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ ചർച്ച ചെയ്ത് അന്തിമ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭാ മിനിട്സിൽ രേഖപ്പെടുത്തുക.
6. ഈ ലിസ്റ്റിന് ഭരണ സമിതി അംഗീകാരം നൽകുക.
7. സമിതി അംഗീകരിച്ച ഓരോ വാർഡ്തല ലിസ്റ്റിലേയും ഗുണഭോക്താക്കളുടെ എണ്ണത്തെ തൻവർഷം പ്രോജക്ട് പ്രകാരം ഉള്ള ഗുണഭോക്താക്കളുടെ എണ്ണംകൊണ്ട് ഗുണിച്ചതിനെ എല്ലാ വാർഡുതലത്തിലേയും ആകെ ഗുണഭോക്താക്കളുടെ എണ്ണംകൊണ്ട് ഭാഗിച്ചാൽ ഓരോ വാർഡിൽ നിന്നും സ്ഥാപനതലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാ അടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി ലിസ്റ്റ് ആക്കണം.
8. അംഗീകരിച്ച ലിസ്റ്റ്, നോട്ടീസ് ബോർഡിലും, വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുക.
9. ഈ ലിസ്റ്റിൽ മാറ്റം വരുത്തുന്നത് അനിവാര്യമെങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ മാറ്റം വരുത്താവുന്നതാണ്.

എന്നാൽ ക്രമ നം. 7ൽ പറയും പോലെ സ്ഥാപനതല ലിസ്റ്റ് രൂപീകരിക്കുക പ്രയോഗികമല്ലെന്ന പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം വാർഡ്തല ലിസ്റ്റിൽ നിന്നാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചത്. ഇപ്രകാരം തയ്യാറാക്കിയ ലിസ്റ്റ് ഗുണഭോക്താക്കളുടെ ശരിയായ മുൻഗണനാ ലിസ്റ്റ് ആയിരുന്നില്ല എന്ന് ആനുകൂല്യ വിതരണം വ്യക്തമാക്കുന്നു. ജലസേചന പമ്പ് വിതരണത്തിനുള്ള പ്രോജക്ടിനുള്ള ലിസ്റ്റിൽ 50 ഗുണഭോക്താക്കൾ ഉണ്ടായിരുന്നു. എന്നാൽ 18 പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റാൻ മുന്നോട്ടു വന്നത്. ഗുണഭോക്താക്കളുടെ ദൗർലഭ്യം കാരണം ലിസ്റ്റിൽ ഇല്ലാത്തവരും ആനുകൂല്യത്തിനായി അപേക്ഷിച്ചവരുമായ 7 പേർക്ക് ആനുകൂല്യം നൽകാൻ 29-01-2018 ലെ കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. അതുപോലെ തന്നെ വെറ്റിലകൃഷി പ്രോജക്ടിന് 250 യൂണിറ്റ് ആനുകൂല്യം നൽകാനാണ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നത്. എന്നാൽ സാമ്പത്തിക വർഷാവസാനത്തിലും 238 പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയത്. മേൽ തീയതിയിലെ അജണ്ട നം.3 തീരുമാനം.1പ്രകാരം, ലിസ്റ്റിൽ ബാക്കിയുള്ളവർ അർഹരല്ല എന്നും ആയതിനാൽ ലിസ്റ്റിൽ ഇല്ലാത്ത പത്ത് പേരുടെ ലിസ്റ്റ് അംഗീകരിച്ച് ആനുകൂല്യം നൽകുന്നതിനും തീരുമാനം എടുത്തിട്ടുണ്ട്. അടുത്ത വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ മാലിന്യസംസ്കരണ പ്രോജക്ടിലെ ആനുകൂല്യവിതരണത്തിലും ഇതേ അപാകത ഉള്ളതായി കാണുന്നു.

മാർഗ്ഗനിർദ്ദേശങ്ങളിലെ നടപടിക്രമങ്ങൾ ശരിയായി പാലിച്ച് കുറ്റമറ്റ രീതിയിൽ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഭരണ സമിതിയുടെയും, വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികളുടെയും ആസൂത്രണ സമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-2 ചെലവഴിക്കാത്ത തുക ലാപ്സാകുന്നത് സംബന്ധിച്ച്

സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ വർഷാവർഷം പഞ്ചായത്തിന് വൻതുക നഷ്ടമാകുന്നു.

2017-18 സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് ചെലവാക്കാതെ ശേഷിച്ച ഫണ്ടിന്റെ വിവരം താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| വികസനഫണ്ട് (ജനറൽ) | 4448505 |
| വികസനഫണ്ട് (എസ്.സി. പി) | 2340403 |
| സി.എഫ്.സി | 1898414 |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 7667722 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 3755542 |
| പെർഫോമൻസ് ഗ്രാന്റ് | 250664 |
| ആകെ | 20361250 |

ലോകബാങ്ക് ധനസഹായം ഒഴികെയുള്ളവയ്ക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട് എങ്കിലും നാളിതുവരെ മുൻവർഷം ചെലവഴിക്കാതെ ശേഷിച്ച ഫണ്ട് തദ്ദേശസ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടില്ല. ഫലത്തിൽ ഇവ നഷ്ടപ്പെട്ട സ്ഥിതിയാണ്. ലഭിക്കുന്ന ധനസഹായം സമയബന്ധിതമായി ചെലവഴിക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യസ്ഥിരംസമിതിയുടെ ഗൗരവപൂർണ്ണമായ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ഇ.എം.എസ്.പദ്ധതി - ഏകദേശം 27 ലക്ഷം രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു

ഇ.എം.എസ്.ഭവനപദ്ധതിയ്ക്ക് വേണ്ടി പാലമേൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും വായ്പയെടുത്ത 18852500 രൂപയും വിവിധ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ പ്രോജക്ടുകൾ പ്രകാരം ലഭ്യമാക്കിയ തുകകളും 3 വ്യത്യസ്ത ബാങ്ക് അക്കൗണ്ടുകൾ (നം.1447, 1451, 1797) പ്രകാരമാണ് കൈകാര്യം ചെയ്തിരുന്നത്. ഭവനപദ്ധതി പൂർത്തീകരിച്ച ശേഷവും പ്രസ്തുത അക്കൗണ്ടുകളിൽ തുക അവശേഷിക്കുന്നു. ഓഡിറ്റ് കാലയളവിൽ ടി 3 അക്കൗണ്ടുകളിലായി 26,90,086/- രൂപ (1,63,886+24,16,074+1,10,126= 26,90,086) ചെലവഴിക്കാതെ അവശേഷിക്കുന്നു. അതേസമയം ഇ.എം.എസ്. പദ്ധതിയ്ക്കു വേണ്ടി ബാങ്കിൽ നിന്നും ലോൺ എടുത്ത ഇനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നത് 13,01,013/- രൂപ മാത്രവും. ബാങ്കിൽ നിന്നും ലോൺ എടുത്തതിന്റെ പലിശയിനത്തിൽ 37,05,909 രൂപ സംസ്ഥാനസർക്കാരിന് ബാദ്ധ്യത നിലനില്ക്കുകയും ചെയ്യുന്നു. സർക്കാർ നിർദ്ദേശാനുസരണം ബാങ്കിൽ നിന്നും ലോൺ എടുക്കുകയും എന്നാൽ പദ്ധതിയ്ക്ക് വേണ്ടി ചെലവഴിക്കാതെ സർക്കാരിന് പലിശ ബാധ്യത ഉണ്ടാക്കുകയും ചെയ്തത് തെറ്റായ പ്രവണതയാണ്.

പദ്ധതി ആസൂത്രണത്തിലും നടപ്പാക്കിയതിലും ഉണ്ടായിട്ടുള്ള ന്യൂനതകളാണ് ഇതിന് കാരണം. ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് ഉൾപ്പടെയുള്ള രേഖകൾ ലഭിക്കുന്നതിന് ഓഡിറ്റ് അന്വേഷണപ്രകാരം ആവശ്യപ്പെട്ടുവെങ്കിലും പൂർണ്ണമായ രേഖകൾ ഹാജരാക്കിയില്ല. ഈ ഫണ്ട് ലൈഫ് ഭവനപദ്ധതിയ്ക്കായി ചെലവഴിക്കുന്നതാണെന്ന് മറുപടിയിൽ വിശദീകരിക്കുകയുണ്ടായി. അപ്രകാരം

സാധ്യമെങ്കിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുകയുടെ വിനിയോഗം സാധ്യമാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു.

മുകളിൽ പരാമർശിച്ച 1451, 1797 എന്നീ നമ്പരുകളിലുള്ള സേവിംഗ്സ് അക്കൗണ്ടുകളിൽ അവശേഷിക്കുന്ന 2526200/- രൂപ പഞ്ചായത്തിന്റെ വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഈ ഫണ്ടുകളിലെ ഇടപാടുകൾ പഞ്ചായത്തിന് ശ്രദ്ധിക്കാനാകില്ല.

## 3-4 തെരുവുവിളക്ക് പരിപാലന പ്രോജക്ടുകളിലെ അപാകതകൾ

2017-18 വർഷം തെരുവുവിളക്ക് പരിപാലനത്തിനായി രണ്ട് പ്രോജക്ടുകൾക്ക് ചെലവു നടത്തിയിട്ടുണ്ട്.

| പ്രോജക്ട് നം. | അടങ്കൽതുക | ചെലവുതുക | ചെലവ് തീയതി |
|---|---|---|---|
| 174/2018( so.) | 499000 | 499000 | 25-8-2017 |
| 160/2018(new.) | 475000 | 237500 | 31-3-2018 |

പദ്ധതികളുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.തെരുവുവിളക്കുകളുടെ എണ്ണവും ഇനവും സംബന്ധിച്ച് കൃത്യതയില്ല

ഓരോ വാർഡിലേയും പോസ്റ്റുനമ്പർ ഉൾപ്പെടെ തെരുവു വിളക്കുകളുടെ എണ്ണവും ഇനവും രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ കെ.എസ്.ഇ.ബി. അധികാരികൾ സാക്ഷ്യപ്പെടുത്തിയ പോസ്റ്റുകൾ സംബന്ധിച്ച ഒരു റിപ്പോർട്ട് ഉണ്ടെന്നാണ് മനസ്സിലാക്കുന്നത് എന്നും എന്നാൽ ഇത് കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നും, ലഭിക്കുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ ഇനം, എണ്ണം ഇവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ ഇല്ലാതെ അറ്റകുറ്റപ്പണിക്കായി പ്രോജക്ട് തയ്യാറാക്കുന്നത് യുക്തിസഹമല്ല.

2.ഇ-ടെണ്ടർ നടപടിയിൽനിന്ന് ഒഴിവാകുന്നതിന് അടങ്കൽ തുക കുറക്കുന്നതിന് ടെണ്ടർ കാലാവധി കുറയ്ക്കുന്നു

1-6-2016-ലെ ടെണ്ടർ പരസ്യപ്രകാരം 2016-17 – ൽ ശ്രീ. ഗണേശൻ പിള്ള, ഒരു വർഷം മെറ്റീരിയൽ സഹിതം തെരുവു വിളക്കുകൾ പരിപാലിക്കുന്നതിനാണ് ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളത്. എന്നാൽ 29-6-2016-ൽ കരാറുകാരൻ വച്ച എഗ്രിമെന്റ് പ്രകാരം 1-7-2016 മുതൽ 31-3-2017 വരെയാണ് കാലാവധി. 2017-18 പ്രോജക്ട് പ്രകാരം 1/2018 മുതൽ 30-6-2018 വരെയാണ് എഗ്രിമെന്റ് വച്ചിട്ടുള്ളത്. 4/17മുതൽ 12/17വരെയുള്ള കാലയളവിൽ തെരുവുവിളക്കുകളുടെ മെയിന്റനൻസ് നടന്നിട്ടില്ല. ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് എന്നാൽ ഒരു വർഷത്തേക്കുള്ള കോൺട്രാക്ട് എന്നാണെങ്കിലും അതിലും കുറഞ്ഞ സമയത്തേക്ക് കോൺട്രാക്ട് നൽകുന്നത് പഞ്ചായത്തിന് സാമ്പത്തിക ബാധ്യത കൂട്ടുകയും പൊതുജനങ്ങൾക്ക് ശരിയായ സേവനം ലഭ്യമാക്കുന്നതിന് തടസ്സമാകുകയും ചെയ്യും. ക്വട്ടേഷൻ പ്രകാരം അംഗീകരിച്ച വ്യവസ്ഥയിൽ നിന്നും കരാർ കാലാവധി കുറച്ച് എഗ്രിമെന്റ് വച്ചതിനും ഒരു വർഷത്തിൽ കുറഞ്ഞ കാലയളവിലേക്ക് എ.എം.സി നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ലഭ്യമായ ഫണ്ടുപയോഗിച്ച് 2016-17 വർഷം പദ്ധതി പൂർത്തിയാക്കണം എന്നതിന്റെ അടിസ്ഥാനത്തിലാണ് കരാർ കാലാവധി കുറച്ചത് എന്നും ഒരു വർഷത്തേക്ക് അനുവദനീയമായതിന്റെ പകുതി മാത്രമേ നൽകിയുള്ളൂ എന്നും അറിയിക്കുകയുണ്ടായി. എന്നാൽ ഇത് അംഗീകരിക്കത്തക്കതല്ല. 2017-18 വർഷം 9-8-2017ലെ അജണ്ട. 24. തീരുമാനം1പ്രകാരം തെരുവുവിളക്ക് അറ്റകുറ്റപണി AMC തുക 500000/-ത്തിൽ അധികമായതിനാൽ ഇ-ടെണ്ടർ വേണ്ടി വരും എന്നും ഇത് പ്രതികരണം കുറക്കും എന്നതിനാൽ അടങ്കൽ തുക 500000/-ത്തിൽ താഴെയാക്കി കരാർ കാലാവധി കുറക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി കാണുന്നു. ഭരണസമിതി നിലവിലുള്ള ചട്ടങ്ങൾക്കും സർക്കാർ നിർദ്ദേശങ്ങൾക്കും എതിരെ തീരുമാനം എടുക്കുന്നത് സത്യപ്രതിജ്ഞാലംഘനമാണ്. ഇ-ടെണ്ടർ നടപടികൾ കൂടുതൽ വ്യാപകവും വിപുലവുമായ പ്രതികരണങ്ങൾ ഉണ്ടാക്കുകയും പഞ്ചായത്തിന് ലാഭകരമായ

വെണ്ടറെ ലഭിക്കുകയും ചെയ്യും എന്നതാണ് യാഥാർത്ഥ്യം എന്നിരിക്കെ പഞ്ചായത്തിന്റെ താത്പര്യങ്ങൾക്ക് എതിരായി ഭരണസമിതി തീരുമാനം എടുത്തത് ശരിയായ നടപടിയല്ല.

2016-17വർഷത്തെ പ്രോജക്ട് തുക 499000/-മാത്രമായിരുന്നു. ഈ തുക പൂർണ്ണമായി കരാറുകാരന് നൽകിയിട്ടുണ്ട്. 1-7-2016മുതൽ 31-6-2017വരെയുള്ള കാലയളവിൽ തെരുവു വിളക്കുപരിപാലനം നടത്തുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. എന്നാൽ കരാർകാലാവധി 31-3-2017വരെ മാത്രമായി ചുരുക്കിയപ്പോൾ ഈ കുറഞ്ഞ സമയത്തേക്ക് മുഴുവൻ പണവും വിനിയോഗിക്കപ്പെട്ടു. മാത്രമല്ല ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ പരിപാലനം നടന്നില്ല. ജനങ്ങൾ ഇരുട്ടിലായി. നൂറനാട് പോലീസ് ഹൗസ് ഓഫീസർ നൽകിയ പരാതി ഇതിന് ഉദാഹരണമാണ്.

4.അംഗീകരിച്ച ടെണ്ടർ നിരക്കിൽ നിന്ന് വ്യതിചലിച്ച് ചെലവുനടത്തി

തെരുവുവിളക്കുകളുടെ പരിപാലനം എന്നതിൽ വിളക്കു പൂർണ്ണമായി മാറ്റിക്കൊണ്ടുള്ള മെയിന്റനൻസും, വിളക്ക് മാറാതെ തന്നെയുള്ള മെയിന്റനൻസും ഉൾപ്പെടും. ഇതിന് രണ്ടിനും കരാറുകാരൻ 2016-17-ൽ വ്യത്യസ്ത നിരക്കുകളും ക്വോട്ടുചെയ്തിരുന്നു.(വിളക്കുമാറ്റാതെ മാന്വൽ ഒരു പ്രാവശ്യം അറ്റകുറ്റപണി നടത്തുന്നതിന് 120/-രൂപയും ഓട്ടോമാറ്റിക് ഒരു പ്രാവശ്യം അറ്റകുറ്റപണി നടത്തുന്നതിന് 136/-രൂപയും വിളക്ക് വാങ്ങി മാറ്റി സ്ഥാപിക്കലിന് 580/-രൂപ വീതവും) മെയിന്റനൻസ് നടത്തുമ്പോൾ വാർഡുമെമ്പർ പോസ്റ്റ് നമ്പർ സഹിതം അറ്റകുറ്റപ്പണിയുടെ വിശദാംശം രേഖപ്പെടുത്തിയ സാക്ഷ്യപത്രം നൽകേണ്ടതാണ്. എന്നാൽ ജനപ്രതിനിധികൾ തെരുവു വിളക്കു പരിപാലനം ഒന്നാംഘട്ടം പൂർത്തിയായി, രണ്ടാംഘട്ടം പൂർത്തിയായി എന്നതരത്തിൽ എന്ത് അറ്റകുറ്റപ്പണിയാണ് ചെയ്തത് എന്ന് വ്യക്തമാക്കാത്ത സാക്ഷ്യപത്രം ആണ് നൽകി വരുന്നത്. ഏതുതരം അറ്റകുറ്റപ്പണിയാണ് നടത്തിയത് എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച നിരക്ക് പ്രകാരമുള്ള തുക കരാറുകാരന് നൽകുന്നതിന് ഇത് ഉപയോഗപ്പെടുകയില്ല. ഒരു വർഷ പ്രവൃത്തിയാണെങ്കിലും, ഓരോ മൂന്നുമാസം കൂടുമ്പോഴും ചെയ്ത ജോലിക്ക് അനുസൃതമായി തുക നൽകാവുന്നതാണ്. എന്നാൽ മൂന്നോ നാലോ മാസം കൊണ്ട് പരിപാലനം പൂർത്തിയാക്കി എന്ന് അവകാശപ്പെട്ട്, അറ്റകുറ്റപ്പണി നടത്തിയ എല്ലാ പോസ്റ്റിലും സി.എഫ്.ലാമ്പുകൾ മാറ്റിയിടേണ്ടി വന്നു എന്ന രീതിയിൽ 580/-രൂപ നിരക്കിൽ തുക കണക്കാക്കി 800000/-രൂപയാണ് കരാറുകാരൻ ആവശ്യപ്പെട്ടത്. എങ്കിലും പ്രോജക്ട് തുകയിൽ ലിമിറ്റ് ചെയ്ത് 499000/-രൂപ നൽകുകയുണ്ടായി. അറ്റകുറ്റപണി നടത്തിയ പോസ്റ്റുകളുടെ എണ്ണം സംബന്ധിച്ച് ജനപ്രതിനിധികളോ, ഇലക്ട്രിസിറ്റി ബോർഡോ കണക്ക് ഒന്നും തന്നിട്ടില്ല. ഏതുതരം മെയിന്റനൻസ് ആണ് നടപ്പിലായത് എന്നും വ്യക്തമല്ല.

5.പഞ്ചായത്ത് രേഖകൾ പ്രകാരം 2x11w manual, 2x11 w automatic, 2x36 സി.എഫ്.എൽ ലൈറ്റുകളാണ് ഉള്ളത്. ഇവയുടെ അറ്റകുറ്റപ്പണിക്കായാണ് ടെണ്ടർ ക്ഷണിച്ചത്. എന്നാൽ കരാറുകാരൻ ഹാജരാക്കിയ ബില്ല് പ്രകാരം 15 W CFLകൾ മാത്രമാണ് വാങ്ങിയിട്ടുള്ളത്. 22W പകരം 15W ലൈറ്റുകൾ ഉപയോഗിച്ചതിന് കാരണം അന്വേഷിച്ചതിൽ നിലവിൽ ഈ വാട്ടിന്റെ CFLകൾ ലഭിക്കുന്നില്ലെന്നും പകരം 2x15W CFL ആണ് ഉപയോഗിക്കുന്നത് എന്നും അറിയിച്ചു.

| വർഷം | വാങ്ങിയത് | ഉപയോഗിച്ചത് |
|---|---|---|
| 2016-17 | 1300 | 1439 |
| 2017-18 | 1400 | 1610 |
| | | |

ബില്ലുപ്രകാരം വാങ്ങിയതിലും വളരെയധികം ലൈറ്റുകൾ മാറ്റി ഇട്ടു എന്ന് അവകാശപ്പെട്ടാണ് കരാറുകാരൻ ക്ലെയിം നൽകുന്നത്. ക്ലെയിം ചെയ്യുന്നതിന്റെ പകുതിപോലും പഞ്ചായത്ത് നൽകുന്നില്ലെങ്കിലും ഇതേ കരാറുകാരൻ തന്നെ തുടർ വർഷത്തിലും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരനായി തുടരുന്നതിൽ അസ്വഭാവികതയുണ്ട്. ഇ-ടെണ്ടർ നടപടികൾ ഒഴിവാക്കിയ നടപടിയും ഈ കരാറുകാരനെ

സംരക്ഷിക്കുന്നതിനാണോ എന്ന് പരിശോധിക്കപ്പെടണം.

## 3-5 തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചില്ല.മുൻവർഷചെലവ് നിക്ഷേപമായി തുടരുന്നു

31-3-2008-ൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് 4,55,000/-രൂപ ഇലക്ട്രിസിറ്റി ബോർഡിനു നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ ചെലവ് രേഖകളിൽ നിന്നും നാളിതുവരെ മീറ്റർ സ്ഥാപിച്ചതായി കാണുന്നില്ല. ഇപ്പോഴും തെരുവ് വിളക്കുകൾക്ക് ഒരു കൺസ്യൂമർ നമ്പരിൽ നിന്നു തന്നെയാണ് കറണ്ടുചാർജ്ജ് ഒടുക്കി വരുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിന് തടസ്സമുണ്ടെങ്കിൽ തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-6 സോളാർ പാനൽ സ്ഥാപിക്കൽ. അപാകതകൾ

പഞ്ചായത്ത് ഓഫീസിൽ 2x5kw ഓഫ് ഗ്രിഡ് സോളാർ പാനൽ സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന് 2017 ജൂൺ മാസം അംഗീകാരം ലഭിച്ചിരുന്നു. കെൽട്രോൺ മുഖേന പദ്ധതി നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ കെൽട്രോൺ മുഖേന പദ്ധതി നടപ്പാക്കാൻ സാധ്യമല്ലാത്തതിനാൽ അനർട്ട് മുഖേന പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചെങ്കിലും ഫെബ്രുവരി മാസത്തിൽ മാത്രമാണ് ഇപ്രകാരം പ്രോജക്ടിന് ഭേദഗതി ലഭിച്ചത്. അനർട്ട് എംപാനൽ ചെയ്ത അഗീകൃത ഏജൻസികളിൽ നിന്ന് ടെണ്ടർനടപടികളിലൂടെ പഞ്ചായത്തിന് ഏറ്റവും ലാഭകരമായി ചെയ്തുതരുന്ന ഏജൻസിയെ കണ്ടെത്തി എഗ്രിമെന്റ് വെക്കുന്നതിനും പഞ്ചായത്തിന് അർഹമായ സബ്സിഡി ലഭിക്കുന്നതിന് രജിസ്റ്റർ ചെയ്യുന്നതിനുമായി 2000/-രൂപ അനർട്ട് പ്രോഗ്രാം മാനേജർക്ക് നല്കുന്നതിനും അനർട്ട് ആവശ്യപ്പെട്ടു. എന്നാൽ 13-3-2018-ൽ 2000/-രൂപ അനർട്ടുമാനേജർക്കു നൽകുകയും തുടർന്ന് 22-3-18 ൽ അനർട്ടിന്റെ ഇൻവോയ്സ് പ്രകാരം 981630/-രൂപ അനർട്ടിന് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഈ ഇൻവോയ്സ് പ്രകാരം സോളാർപാനലിന്റെ വില 11,50,000/-രൂപയിൽ 3,05,370/-രൂപ സബ്സിഡി കഴിച്ചുള്ള തുകയും സർവ്വീസ് ചാർജ്, അഡീഷണൽ ഇലക്ട്രിഫിക്കേഷൻ ചാർജ് ഇവയിനത്തിൽ 1,37,000/-രൂപയും ഉൾപ്പെടെയുള്ള തുകയാണ് നൽകിയിട്ടുള്ളത്. അനർട്ട് അറിയിച്ചതിൽ നിന്ന് വ്യത്യസ്തമായി തുക ഡെപ്പോസിറ്റ് ചെയ്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ പദ്ധതി മാർച്ച് 31നുമുമ്പ് പൂർത്തിയാക്കേണ്ടതിനാൽ പദ്ധതി തുക ലാപ്സാകാതിരിക്കുന്നതിനായി ഡെപ്പോസിറ്റ് വർക്കായി അനർട്ടിന് നൽകുകയായിരുന്നു എന്ന് അറിയിക്കുകയുണ്ടായി.

അനർട്ടുമായി 22-3-18-ൽ എഗ്രിമെന്റ് വച്ചിരുന്നു. ഇതിൻപ്രകാരം തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത് 5 മാസത്തിനകം പദ്ധതി നിർവ്വഹണം പൂർത്തിയാക്കുന്നതാണ് എന്നു വ്യവസ്ഥചെയ്തിട്ടുണ്ട്. എന്നാൽ 1/2019ൽ മാത്രമാണ് സോളാർ പാനൽ സ്ഥാപിച്ചിട്ടുള്ളത്. കരാർ ലംഘനത്തിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ആവശ്യപ്പെട്ടതിൽ അനർട്ടിന് ടെണ്ടർനടപടികൾ പൂർത്തീകരിക്കാനുണ്ടായ കാലതാമസമാണ് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിനു കാരണം എന്നു അറിയിക്കുകയുണ്ടായി. ഇത് തൃപ്തികരമല്ല. പഞ്ചായത്തുമായി കരാർ വച്ച ഒരു സ്ഥാപനം കരാർവ്യവസ്ഥ പാലിക്കാതിരുന്നാൽ ചട്ടലംഘനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് അധികാരമുണ്ട്. പഞ്ചായത്ത് അതിൽ നിഷിപ്തമായിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നില്ല എന്നത് ഖേദകരമാണ്.

അനർട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അംഗീകൃത ഏജൻസികളുടെ വിശദാംശങ്ങളിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ പദ്ധതി നടപ്പാക്കിയിരുന്നു എങ്കിൽ അനർട്ട് നൽകിയതിലും വളരെ കുറഞ്ഞ വിലയിൽ സർവ്വീസ് ചാർജ്ജ് ഒഴിവാക്കി പദ്ധതി നടപ്പിലാക്കാൻ സാധിക്കുമായിരുന്നു എന്നു കാണുന്നു. പദ്ധതി ആസൂത്രണം, നിർവ്വഹണം ഇവ സംബന്ധിച്ച് സർക്കാർ നിർദ്ദേശങ്ങൾ വ്യക്തമായി മനസ്സിലാക്കാതെ പദ്ധതി നിർവ്വഹണം നടത്താൻ ശ്രമിക്കുന്നതാണ് ഇപ്രകാരമുള്ള വീഴ്ചകൾക്ക് കാരണമാകുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർക്കൊപ്പം ആസൂത്രണസമിതി, സ്റ്റാന്റിംഗ് കമ്മറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ ഇവയും പദ്ധതിനിർവ്വഹണത്തിൽ പങ്കാളികളായാൽ മാത്രമേ പദ്ധതികൾ ജനോപകാരപ്രദമായ തലത്തിലേക്ക് എത്തുകയുള്ളൂ. പദ്ധതിനിർവ്വഹണത്തിൽ ജനകീയ സമിതികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

സോളാർ പദ്ധതികൾക്ക് കേന്ദ്രസർക്കാർ സബ്സിഡി ഏർപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തെ സബ്സിഡി

അനർട്ടിന് ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിന് അർഹമായ സബ്സിഡി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ക്രൂസ് മുഖേന LED ലൈറ്റ് സ്ഥാപിക്കൽ. പദ്ധതി പൂർത്തിയായില്ല

പ്രോജക്ട് നം.163/18 തെരുവു വിളക്ക് പരിപാലനത്തിന് LED ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി ക്രൂസുമായി എഗ്രിമെന്റ് വച്ചിരുന്നു. 418 ലൈറ്റുകൾ സപ്ലൈ ചെയ്തതിന് ജി.എസ്.റ്റി. ഉൾപ്പെടെ 1054615/-രൂപ ട്രഷറി ബിൽ നം.25 DT.27-2-18 പ്രകാരം പിൻവലിച്ച് ക്രൂസിനു നൽകിയിട്ടുണ്ട്. ഫിറ്റിംഗ് ചാർജ്ജ് ഉൾപ്പെടെ 1128600/-രൂപയാണ് ക്രൂസ് ആവശ്യപ്പെട്ടതെങ്കിലും ലൈറ്റുകൾ ഫിറ്റ് ചെയ്തിട്ടില്ലെന്നും അതിനാൽ സാധനവില മാത്രം നൽകിയാൽ മതി എന്നുമുള്ള സെക്രട്ടറിയുടെ നടപടിക്രമപ്രകാരമാണ് ഇപ്രകാരം തുക നൽകിയത്. എന്നാൽ 24-3-2018-ൽ 238 ലൈറ്റുകൾ സ്ഥാപിച്ചതിനുള്ള സൂപ്പർവിഷൻ ചാർജ്ജിനത്തിൽ 5496/-പിൻവലിച്ചിട്ടുണ്ട്. ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറി.നം.12നുള്ള മറുപടിയിൽ 238 ലൈറ്റുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത് എന്നും ലൈറ്റുകൾ പൂർണ്ണമായും സ്ഥാപിച്ചതിനു ശേഷം മാത്രമേ ക്രൂസിൽനിന്നും രേഖകൾ ലഭിക്കുകയുള്ളൂ എന്നും പദ്ധതി 2018-19 വർഷം തുടരുന്നതായും അറിയിച്ചു. ഒരു ലൈറ്റിന് നികുതി ഉൾപ്പെടെ 2523/-രൂപയാണ് ഈടാക്കിയിട്ടുള്ളത്. നാളിതുവരെ ഫിറ്റുചെയ്യാത്ത ലൈറ്റിന്റെ വിലയായ 454140/- രൂപ (418-238 x 2523=454140) തടസ്സപ്പെടുത്തുന്നു.

## 3-8 സാമ്പത്തികവർഷാവസാനം മാത്രം കരാറുകാർക്ക് സൈറ്റ് കൈമാറുന്നു- മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

ജി.ഒ(എം.എസ്) 72/2017/ത.സ്വ.ഭ.വ. തീയതി. 29.3.17 പ്രകാരം പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ തന്നെ നിർവ്വഹണ പ്രക്രിയ നിശ്ചിത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിന് ഒരു സമയ പട്ടിക നിശ്ചയിക്കണം. നിർവ്വഹണത്തില ഓരോ ഘട്ടത്തിലെയും പ്രവർത്തനങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. എന്നാൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഇപ്രകാരം ഒരു സമയക്രമം ഗ്രാമപഞ്ചായത്തിൽ പാലിക്കപ്പെടുന്നില്ല. ഭരണാനുമതി ലഭിച്ച വിവിധ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിന് കോൺട്രാക്ടർക്ക്/ കൺവീനർക്ക് പദ്ധതി പൂർത്തീകരണ കാലയളവിലാണ് കൈമാറിയിട്ടുള്ളത്. സൈറ്റ് കൈമാറുന്നതിലുണ്ടായ കാലതാമസം മൂലം പദ്ധതികൾ സ്പിൽ ഓവറാക്കപ്പെടുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുകയും ചെയ്തു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്,പ്രോജക്ട് നം. | പൂർത്തീകരണ കാലയളവ് | കരാറുകാരന് സൈറ്റ് കൈമാറിയ തീയതി |
|---|---|---|
| കാവിലമ്മക്കാവ് പൂവത്തിൽ റോഡ് മെയിന്റനൻസ്, S0078/18 | 6 മാസം | 3.1.18 |
| കുടുംബാരോഗ്യകേന്ദ്രം -പാലമേൽ ഉളവ്കാട് അധിക സൗകര്യമൊരുക്കുക, S034/18 | 4മാസം | 31.3.18 |
| പുതുപറമ്പിൽ മുക്ക് കടമാൻകുളം റോഡ് മെയിന്റനൻസ്, S0056/18 | 6 മാസം | 10.1.18 |
| കുറുപ്പ് വീട് തൈപ്ലാവിള റോഡ് കോൺക്രീറ്റിംഗ്, S0121/18 | 6 മാസം | 5.3.18 |

മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിന്മേൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 സ്ഥലലഭ്യത ഉറപ്പാക്കാതെ കരാർ നൽകുന്നു. പ്രവൃത്തികൾ പൂർത്തിയാകുന്നതിൽ കാലതാമസം

മരാമത്ത് പ്രവൃത്തികളിൽ സ്ഥലലഭ്യത ഉറപ്പ് വരുത്തി മാത്രം സൈറ്റ് കൈമാറുകയും, കരാറുകാരനുമായി എഗ്രിമെന്റിലേർപ്പെടുകയും ചെയ്യണമെന്നാണ് വ്യവസ്ഥ എങ്കിലും,സ്ഥലലഭ്യത ഉറപ്പ് വരുത്താതെ കരാറുകാരന് സൈറ്റ് കൈമാറിയതു വഴി പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായി. ഉദാഹരണമായി തണ്ടാനുവിള കിഴക്കെ മുക്ക് കടമാൻകുളം റോഡ് മെറ്റലിംഗ് (S0020/18) പ്രവർത്തിക്കായി കരാറുകാരന് സൈറ്റ് കൈമാറിയത് 24.03.2017 ലാണ്. എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തതനുസരിച്ച് 23.05.2017-ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ എം.ബുക്ക് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 17.03.18 – ൽ മാത്രമാണ്.

കാലതാമസത്തിനും, കാലതാമസത്തിന് കരാറുകാരനിൽ നിന്ന് പിഴ ഈടാക്കാതിരുന്നതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറി (നം.22/01.02.2019) ക്കുള്ള മറുപടിയിൽ പ്രവൃത്തിക്കായി കൈമാറിയ സൈറ്റ് സംബന്ധിച്ച് തർക്കമുണ്ടായതിനാലാണ് സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തത് എന്നും, കരാറുകാരന്റേതല്ലാത്ത വീഴ്ചയായതിനാലാണ് പിഴ ഈടാക്കാത്തത് എന്നും അറിയിച്ചിരുന്നു. സ്ഥലലഭ്യത ഉറപ്പ് വരുത്തി മാത്രം സൈറ്റ് കൈമാറുകയും എഗ്രിമെന്റ് വക്കുകയും ചെയ്യേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചുമതലയാണ്. മരാമത്ത് പ്രവൃത്തികളിൽ ഇപ്രകാരമുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ വികസന സ്റ്റാന്റിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 എരുമക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം - പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച

എരുമക്കുഴി മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധാരണം എന്ന പ്രവൃത്തി കൺവീനർ മുഖേനയാണ് നടപ്പാക്കിയത്. പ്രസ്തുത പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി രൂപീകരണ യോഗം ചേർന്നത് 25.9.14 ലാണ്. 29.9.14 ൽ ചേർന്ന കമ്മറ്റിയിൽ (തീരുമാനം V/521/14) ടി പ്രവർത്തിയുടെ കൺവീനറായി ശ്രീ. സുജിത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിയ്ക്കായി കൺവീനറുമായി 3.9.2016 ൽ മാത്രമാണ് കരാറിൽ ഏർപ്പെട്ടത്. എന്നാൽ ടി പ്രവർത്തിയുടെ ചെക്ക് മെഷർ നടത്തിയത് 24.4.2017 ലാണെന്ന് എം.ബുക്കിൽ (നം.60/16-17) രേഖപ്പെടുത്തിയിരിക്കുന്നു. 2014 - ൽ ആരംഭിച്ച ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിലുണ്ടായ കാലതാമസത്തിന് വിശദീകരണം ആവശ്യപ്പെട്ടതിന് ഹാജരാക്കിയ മറുപടിയിൽ മെറ്റീരിയലുകളുടെ വില വൻതോതിൽ വർദ്ധിച്ചതിനാലും കൺവീനർക്ക് സാമ്പത്തിക ബാദ്ധ്യത ഉണ്ടായതിനാലും പ്രവൃത്തി കൃത്യ സമയത്ത് പൂർത്തീകരിക്കാൻ സാധിച്ചില്ല എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. മാത്രമല്ല, സൈറ്റ് കൈമാറുന്നതിലുണ്ടായ കാലതാമസത്തിന് മറുപടി ഹാജരാക്കിയിട്ടുമില്ല. സൈറ്റ് കൈമാറുന്നതിലും പ്രവർത്തി പൂർത്തീകരിക്കുന്നതിലും ഉണ്ടായ കാലതാമസം മൂലം കടമുറികളിൽ നിന്ന് വാടക ഇനത്തിൽ ലഭിക്കേണ്ട തുകയിൽ നഷ്ടമുണ്ടായി. മാത്രമല്ല, കൺവീനർ വർക്കായതിനാൽ പിഴ ഈടാക്കാനും സാധിക്കുകയില്ല. ഇപ്രാകരം മരാമത്ത് പ്രവർത്തികൾ അനന്തമായി നീളുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. വിഷയത്തിന്മേൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 സേവനനികുതിയുൾപ്പെടെയുള്ള തുക കരാറുകാരന് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തിയുടെ ആകെ മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ തുക പിൻവലിച്ചിട്ടുണ്ട്. എന്നാൽ നികുതി തുകകൾ കഴിച്ചുള്ള തുകയോടൊപ്പം സേവന നികുതി ഉൾപ്പെടെയുള്ള തുക കരാറുകാരന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്, പ്രോജക്ട് നം., കരാറുകാരൻ | സേവന നികുതി | ആകെ തുക | പാർട്ട്ബിൽ പ്രകാരം | അവശേഷിക്കുന്ന തുക | നികുതി തുകകൾ | സേവന നികുതി ഉൾപ്പെടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | പിൻവലിച്ച തുക | | (നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയുൾപ്പടെ) | കരാറുകാരന് നൽകിയ തുക |
| പഞ്ചായത്ത് മെമ്പർമാരുടെ പൊതുജന സമ്പർക്കവും മുറി നിർമ്മാണവും അനുബന്ധ പ്രവൃത്തികളും(പ്രോജക്ട്നം.16 ) എം. ചന്ദ്രശേഖരൻ ഉണ്ണിത്താൻ<br><br>അടങ്കൽ തുക – 720940<br>എം.ബുക്ക് – 1/17-18 | 59691 | 1054534 | 439060 | 615474 | 36929 | 578545<br>ചെക്ക് നം.114883<br>തീയതി.24.02.18 |

മേൽ പ്രോജക്ട് പ്രകാരം സേവനനികുതി അടച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം. 14/30.1.19) മുഖേന ആവശ്യപ്പെട്ടിരുന്നു. ഇതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയ മറുപടിയിൽ ടി പ്രവൃത്തിയുടെ I$^{st}$ & part bill ലെ റിട്ടൻഷൻ തുകയായ 43906/- രൂപ നാളിതുവരെ കരാറുകാരന് നൽകിയിട്ടില്ലായെന്നും ടി തുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനും അവശേഷിക്കുന്ന 15785/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും രേഖപ്പെടുത്തിയിരിക്കുന്നു. സേവന നികുതി ഇനത്തിലെ തുക നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിൽ ബാക്കി ലഭിക്കാനുള്ള 15785/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക കരാറുകാരനിൽ നിന്നും ഈടാക്കാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതാണ്.

## 3-12 നെൽകൃഷിയ്ക്ക് കൂലിച്ചെലവ് - പരിധിയിൽക്കൂടുതൽ അനുവദിച്ച സബ്സിഡിത്തുക തിരികെ ഒടുക്കുവരുത്തി

നെൽകൃഷിയ്ക്ക് കൂലിച്ചെലവ് ഇനത്തിൽ ഒരു ഗുണഭോക്താവിന് കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 30000 രൂപ മാത്രമാണ് അനുവദനീയമായത്. എന്നാൽ രണ്ട് ഹെക്ടർ ഭൂമിയുള്ള 1.കട്ടപ്പൻ, കരിങ്ങാട്ടിൽ, പയ്യനല്ലൂർ 2.രാമചന്ദ്രൻ പിള്ള, കഴിവേലിൽ,പള്ളിക്കൽ എന്നീ ഗുണഭോക്താക്കൾക്ക് ഗ്രാമബ്ലോക്ക് വിഹിതങ്ങൾ 17000/- രൂപ എന്ന രീതിയിൽ ആകെ 34000/- രൂപ വീതം (പ്രോജക്ട് നം:43/18) നല്കി. അനുവദനീയമായതിനെക്കാൾ കൂടുതൽ സബ്സിഡിയാണ് ടിയാളുകൾക്ക് അനുവദിച്ചത്. ഈ വിഷയം കാണിച്ചുകൊണ്ട് ഓഡിറ്റ് അന്വേഷണം നല്കിയതിനെത്തുടർന്ന് കൂടുതലായി നല്കിയ സബ്സിഡി 8000/- രൂപ 06.02.2019 ൽ 118010104774 നം. രസീത് പ്രകാരം കൃഷിഓഫീസർ ഗ്രാമപ്പഞ്ചായത്തിൽ ഒടുക്കുവരുത്തി, രസീതിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കി. ടി അധികച്ചെലവ് ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്ലാൻഫണ്ടിൽ നിന്നായിരുന്നതിനാൽ, പഞ്ചായത്തിൽ ഒടുക്കുവരുത്തിയ 8000/- രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

## 3-13 മുട്ടക്കോഴിവിതരണം കൂടുതൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കുവരുത്തി

2017 -18 ൽ മുട്ടക്കോഴിവിതരണം എന്ന പ്രോജക്ട് പ്രകാരം സീനിയർ വെറ്ററിനറി സർജൻ ഗ്രാമപഞ്ചായത്തിൽ 2,50,000/-രൂപ ഒടുക്കിയിട്ടുണ്ട്. എന്നാൽ വികസനഫണ്ട്, ഗുണഭോക്തൃവിഹിതം എന്നിവയിൽ നിന്നും 200000 രൂപ വീതം ആകെ 4 ലക്ഷം രൂപയാണ് ടി പ്രോജക്ട് പ്രകാരം ചെലവായിരിക്കുന്നത്. അതായത് പഞ്ചായത്തിൽ ഒടുക്കുവരുത്തിയ ഗുണഭോക്തൃവിഹിതത്തിൽ 50000/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിൽ അവശേഷിക്കുകയാണ്. കൂടുതൽ തുക ഗുണഭോക്തൃവിഹിതമിനത്തിൽ ഒടുക്കു വരുത്താനിടയായ സാഹചര്യം ഓഡിറ്റിൽ അറിയിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-14 കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തിയായിട്ടില്ല. - തുക തടസ്സപ്പെടുത്തുന്നു

സീനിയർ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലന പദ്ധതി എന്ന പ്രോജക്ട് പ്രകാരം ഗ്രാമപ്പഞ്ചായത്ത് വിഹിതം 375000/- രൂപ (60 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 17.11.17 ൽ (ബിൽ നം.1/17-18/തീയതി 17.11.2017) നൽകിയിട്ടുണ്ട്. പദ്ധതി 03/2018-ൽ ആരംഭിച്ചിട്ടുണ്ടെങ്കിലും കാലിത്തീറ്റ വിതരണം പൂർത്തിയായിട്ടില്ല. പദ്ധതി പ്രവർത്തനം പൂർത്തിയാകുന്നതു വരെ മോണിറ്ററിംഗ് നടത്തേണ്ടതും വിനിയോഗ വിവരം ഉറപ്പാക്കേണ്ടതുമാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതു വരെ 3,75,000 /- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-15 സാമൂഹ്യക്ഷേമ പെൻഷനുകൾ. പൊതുജനങ്ങൾക്ക് സമയബന്ധിതമായ സേവനം ലഭ്യമായില്ല

പാലമേൽ ഗ്രാമപഞ്ചായത്തിൽ 2016-17 മുതൽ ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ യഥാസമയം അന്വേഷണം നടത്തുകയും അംഗീകരിക്കുകയും ചെയ്യാതിരുന്നതിനാൽ 2017-18 വർഷത്തിൽ ഈ അപേക്ഷകൾ എല്ലാം പുനരന്വേഷണത്തിന് വിധേയമാക്കേണ്ടി വരുകയും ഈ കാലതാമസം കാരണം മുൻവർഷം അപേക്ഷിച്ച ഗുണഭോക്താക്കൾക്കു പലർക്കും അർഹമായ പെൻഷൻ ലഭിക്കാത്ത അവസ്ഥയുണ്ടാകുകയും ചെയ്തു. ക്ഷേമകാര്യസ്റ്റാന്റിഗ് കമ്മറ്റി 2017-18 കാലയളവിൽ പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ടായിരുന്നു എങ്കിലും ഫലപ്രദമായതായി കാണുന്നില്ല. ലഭിക്കുന്ന അപേക്ഷകൾ ക്രമമായി രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ അന്വേഷണഉദ്യോഗസ്ഥന് നൽകിയ വിവരം, തിരികെ ലഭിക്കുന്ന വിവരം ഇവ രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിരുന്നില്ല. 2017-18-ൽ ലഭിച്ച വാർദ്ധക്യ പെൻഷൻ അപേക്ഷകളിൽ 65 എണ്ണം ഇപ്പോഴും അന്വേഷണ ഉദ്യോഗസ്ഥന്റെ കൈവശം ആണ്. ഈ അപേക്ഷകൾ ഏതൊക്കെ എന്നുള്ള കൃത്യമായ വിവരം ലഭ്യമാക്കാൻ സെക്ഷനു കഴിഞ്ഞിട്ടില്ല. ഈ അപേക്ഷകൾ എത്രയും വേഗം അന്വേഷണം പൂർത്തിയാക്കി തിരികെ വാങ്ങി നടപടികൾ പൂർത്തിയാക്കി അംഗീകരിച്ച് നൽകേണ്ടതാണ്. പെൻഷൻ അപേക്ഷകളിൽ അന്വേഷണഉദ്യോഗസ്ഥൻ അർഹതാവിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഈ കാര്യം ശ്രദ്ധിക്കുന്നതിനും അനർഹർക്ക് പെൻഷൻ അനുവദിക്കുന്നത് ഒഴിവാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പെൻഷൻ അപേക്ഷകളിലെ നടപടികളിലുണ്ടായ കാലതാമസം മൂലം ഗുണഭോക്താവിന് പെൻഷൻ നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായാൽ കാലതാമസത്തിന് കാരണക്കാരനായ ജീവനക്കാരന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്. പെൻഷന്റെ ചുമതലയുള്ള അസിസ്റ്റന്റ് സെക്രട്ടറിയും ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയും ഈ വിഷയത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 3-16 ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള സ്കോളർഷിപ്പ് -അർഹമായ തുക പൂർണ്ണമായി വിതരണം ചെയ്തില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ മുഖേന ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്, യാത്രാബത്ത, യൂണിഫോം എന്നിവ വിതരണം ചെയ്യുന്നതിനായി പ്രോജക്ട് (S0079/18) നടപ്പാക്കിയിരുന്നു. ഭിന്നശേഷിക്കാരായ 48 ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ്, പഠനോപകരണം, യാത്രാബത്ത എന്നീ ഇനങ്ങളിലായി ആനുകൂല്യം നൽകുന്നതിനായിരുന്നു ഈ പ്രോജക്ട് ആവിഷ്കരിച്ചിരുന്നത്. ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ കണക്കുകൾ പ്രകാരം തൻവർഷം ഈ ഇനങ്ങളിലായി ആകെ 707500/- രൂപ

ആവശ്യമായിരുന്നു. എന്നാൽ പ്രോജക്ടിനായി ആകെ വകയിരുത്തിയിരുന്നത് 500000/- രൂപ മാത്രമാണ്. ഈ തുകയിൽ 419279/- രൂപ മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിച്ചത് . ഇക്കാരണത്താൽ കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് പൂർണ്ണമായും നൽകാനായില്ല. അർഹമായ തുക പൂർണ്ണമായി നൽകാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/1.2.19) ഹാജരാക്കിയ മറുപടിയിൽ ടി പ്രോജക്ടിനായി 500000/- രൂപയാണ് വകയിരുത്തിയിരുന്നതെന്നും 48 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ഈ തുക അപര്യാപ്തമായിരുന്നതിനാൽ 707500/- രൂപ വകയിരുത്തി പ്രോജക്ട് റിവൈസ് ചെയ്യണമെന്ന് പഞ്ചായത്തിൽ അറിയിച്ചിരുന്നെങ്കിലും ഫണ്ടിന്റെ കുറവ് മൂലം തുക ലഭിച്ചില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് സ്കോളർഷിപ്പ് വിതരണം സംബന്ധിച്ച പ്രോജക്ട് ആവിഷ്കരിക്കുന്നതിന് മുൻപായി ആവശ്യമായ തുക കൃത്യമായി കണക്കാക്കി അതനുസരിച്ച് തുക വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിന്മേൽ ക്ഷേമകാര്യ സ്റ്റാന്റിംഗ്കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ

ഗ്രാമപഞ്ചായത്തിൽ 30 അങ്കണവാടികൾ ഉള്ളതിൽ 21 എണ്ണത്തിന് മാത്രമേ സ്വന്തമായി കെട്ടിടമുള്ളൂ. അവശേഷിക്കുന്ന അങ്കണവാടികളിൽ 2 എണ്ണം വാടകയില്ലാതെയും 7 എണ്ണം വാടക നൽകിയും പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമുള്ള 8 അങ്കണവാടികളിൽ വൈദ്യുതി കണക്ഷൻ ഇല്ല. 2 അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടില്ല. 4 അങ്കണവാടികൾക്ക് ചുറ്റുമതിൽ ഇല്ല.

2017-18 വർഷവും തുടർന്നുള്ള വർഷവും അങ്കണവാടികൾക്ക് മരാമത്ത് വിഭാഗത്തിൽ നിന്നുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിരുന്നില്ല.

സാധാരണക്കാരായ കുട്ടികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിൽ അധികൃതർ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല എന്ന് ഇതിൽ നിന്ന് വ്യക്തമാകുന്നു. അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ കുറെകൂടി മെച്ചപ്പെട്ട രീതിയിൽ ഒരുക്കേണ്ടതാണ്. വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-18 ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കിയില്ല

2017-18 വർഷം ഖരമാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി ശുചിത്വ മിഷനിൽ നിന്ന് 1200000/- രൂപ ഗ്രാമപഞ്ചായത്തിന് ലഭിച്ചിരുന്നു. ഈ തുകയിൽ 340000/- രൂപ വകയിരുത്തി പൊതു മാർക്കറ്റിൽ എയറോബിക് കമ്പോസ്റ്റ് നിർമ്മാണം ( S00152/18) എന്ന പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും തൻവർഷം നടപ്പാക്കിയില്ല. ജില്ലാ കളക്ടറുടെ 3.2.18 ലെ നടപടിക്രമങ്ങൾ പ്രകാരം ലഭിച്ച ഈ തുക വിനിയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുണ്ട്. പ്രസ്തുത നടപടിക്രമങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-19 മഴക്കാലപൂർവ്വ ശുചീകരണം-അപാകതകൾ

തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്.സർക്കുലർ നം.127/17 ത.സ്വ.ഭ.വ.തീയതി.16-3-2017പ്രകാരം മൺസൂൺകാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്ന് പിടിക്കാതിരിക്കുന്നതിനുള്ള പ്രതിരോധപ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് തലത്തിലുള്ള കർമ്മ പരിപാടികൾ വിശദമാക്കിയിരുന്നു. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിന് മഴക്കാലപൂർവ്വ ശുചീകരണത്തിനായി 10000/- രൂപ ശുചിത്വമിഷൻ വിഹിതം, 10000/-രൂപ എൻ.ആർ.എച്ച്.എം.വിഹിതം, 5000/- രൂപ പഞ്ചായത്ത് തനതുഫണ്ട് എന്നിങ്ങനെ വാർഡൊന്നിന് പരമാവധി 25000/- രൂപ ചെലവഴിക്കാവുന്നതാണ്. മുൻവർഷത്തെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന മുറക്ക് കഴിഞ്ഞ വർഷത്തെ തുക മിച്ചമുണ്ടെങ്കിൽ അത് കഴിച്ച് മിച്ചമുള്ള തുക മാത്രമേ ലഭിക്കുകയുള്ളൂ എന്നും 2017 ജൂൺ 30 മുൻപ് ചെലവഴിക്കുന്ന തുക മാത്രമേ മഴക്കാല പൂർവ്വ ശുചീകരണ

ചെലവായി കണക്കാക്കുകയുള്ളൂ എന്നും, വിവിധ സ്രോതസ്സുകളിൽ നിന്നു ലഭിക്കുന്ന തുകയുടെ പ്രത്യേകം പ്രത്യേകം കണക്കുകൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെന്നും, ചെലവു സംബന്ധിച്ച വൗച്ചറുകൾ കാമ്പയിൻ കഴിഞ്ഞ് ഒരാഴ്ചക്കകം ബന്ധപ്പെട്ട സെക്രട്ടറിമാർ വാർഡ് സമതികളിൽ നിന്നും ശേഖരിക്കേണ്ടതാണ് എന്നും കാമ്പയിനുകളും ശുചിത്വ പ്രവർത്തനങ്ങളും കൃത്യമായും സമയബന്ധിതമായും നടക്കുന്നുണ്ടെന്ന് അതാത് സെക്രട്ടറിമാർ ഉറപ്പാക്കണമെന്നും ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം സെക്രട്ടറിമാർക്ക് ആയിരിക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിരുന്നു.

പാലമേൽ ഗ്രാമപഞ്ചായത്തിൽ 2017-18 - ൽ ശുചിത്വമിഷൻ ഫണ്ടിനത്തിൽ ലഭിച്ച 190000/-രൂപ വിവിധ വാർഡ് ശുചീകരണ സമിതികൾക്ക് നൽകിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗവിവരം 16 വാർഡുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്. 3 വാർഡുകളിൽ (വാർഡ് 4,12,13) നിന്ന് ചെലവുരേഖകൾ ഹാജരാക്കിയില്ല. ചെലവുതുക 30000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-20 അടച്ച തുകയ്ക്ക് അനുസൃതമായി മരുന്ന് ലഭിച്ചില്ല

2017-18 - ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പദ്ധതിയ്ക്ക് മരുന്ന് വാങ്ങൽ, പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ എന്നീ പദ്ധതികളിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ അടച്ച തുകയ്ക്ക് അനുസൃതമായി മരുന്നു ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം. 61/18 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് മരുന്നു വാങ്ങൽ

അടങ്കൽ -500000/-

ചെലവ് -500000/-

ബിൽ നം. -2/17-18/10.10.17

പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങുന്നതിനായി 849/22.09.17 നമ്പർ പ്രഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 500000/-രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിരുന്നു. ഇത് പ്രകാരം 16.12.2017 മുതൽ 27.10.2018 വരെയുള്ള കാലയളവിലായി 381901 /-രൂപയുടെ മരുന്ന് പി.എച്ച്.സി – യ്ക്ക് നല്കിയിരുന്നു. എന്നാൽ തുടർന്ന് ഓഡിറ്റ് കാലയളവ് വരെ (01/2019) ബാക്കി 118099/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.

2. പ്രോജക്ട് നം. 65/18 പാലിയേറ്റീവ് പരിചരണം

അടങ്കൽ -550000/-

ചെലവ് -493862/-

ബിൽ നം. -5/17-18/27.12.17 (200000)

പാലിയേറ്റീവ് പരിചരണ പദ്ധതിയുടെ ഭാഗമായുള്ള മരുന്ന് വാങ്ങലിനായി 2249/20.11.17, 199/20.11.17എന്നീ പ്രഫോമ ഇൻവോയിസുകളുടെ അടിസ്ഥാനത്തിൽ യഥാക്രമം 197084/-രൂപയും 2916/-രൂപയുമായി ആകെ 200000/- രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നല്കിയിരുന്നു. 27.12.2017 – ൽ തുക കൈമാറിയെങ്കിലും 07/2108 മുതലാണ് മരുന്ന് ലഭ്യമാകുവാൻ ആരംഭിച്ചത്. ഓഡിറ്റ് കാലയളവ് വരെ (01/19) 127363/-രൂപയുടെ മരുന്നാണ് ലഭിച്ചിട്ടുള്ളത്. ബാക്കി 72637/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. പാലിയേറ്റീവ് പരിചരണം പോലെ അടിയന്തിര നടപടി അർഹിക്കുന്ന വിഷയത്തിൽ മരുന്നു ലഭ്യതയിലെ കാലതാമസം പദ്ധതിയുടെ ലക്ഷ്യ പ്രാപ്തിയ്ക്ക് തടസ്സം നില്കുന്നു.

മേൽ പദ്ധതികൾ പ്രകാരമുള്ള മരുന്നുകൾ ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും, വിഷയം ആരോഗ്യ -വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്നും അറിയിക്കുവാനും നല്കിയ ഓഡിറ്റ് അന്വേഷണം നം. 9 /29.01.19 ന് മെഡിക്കൽ ഓഫീസർ നല്കിയ മറുപടിയിൽ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും മുൻകാലങ്ങളിലെ മരുന്ന് ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ മരുന്നിന് ദൗർലഭ്യമില്ലെന്നും അറിയിച്ചു. മരുന്ന് ലഭ്യത പൂർണ്ണമാക്കുവാനുള്ള

നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 ഐ.എ.വൈ.പദ്ധതി ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല

പ്രോജക്റ്റ് നം : 145/18, 150/18

ബിൽ നം : 6/28.02.2018, 7/28.02.2018

ഐ.എ.വൈ. പദ്ധതിയ്ക്ക് വേണ്ടി ടി പ്രോജക്ടുകൾ പ്രകാരം വികസനഫണ്ട് ജനറൽ, എസ്.സി.പി ഫണ്ടുകളിൽ നിന്നും യഥാക്രമം 80000/- രൂപയും, 70000/- രൂപയും ഭരണിക്കാവ് ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഈ തുക കൈപ്പറ്റിയതിന്റെയും വിനിയോഗിച്ചതിന്റെയും രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-22 വീട് പുനരുദ്ധാരണം അർഹതാമാനദണ്ഡത്തിൽ നിന്നും വ്യതിചലിച്ച് സബ്സിഡി നൽകി

| | |
|---|---|
| പ്രോജക്റ്റ് നം | 42/18 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പുതിയ വീട് നിർമ്മിച്ച് 8 വർഷം കഴിഞ്ഞവർക്കാണ് വീട് പുനരുദ്ധാരണത്തിനുള്ള സബ്സിഡിയ്ക്ക് അർഹത എന്നിരിക്കെ ഒരു വർഷത്തിലധികം മാത്രം പഴക്കമുള്ള (സെക്രട്ടറിയുടെ 7.10.2017 ലെ ഉടമസ്ഥാവകാശസർട്ടിഫിക്കറ്റ് പ്രകാരം) അഷ്റഫ്, മണലാടി കിഴക്കതിൽ, ആദിക്കാട്ടുകുളങ്ങര എന്നയാളിന്റെ വീടിന്റെ അറ്റകുറ്റപ്പണിയ്ക്ക് 25000/- രൂപ സബ്സിഡി നൽകി. ഇതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-23 ദിവസവേതന ജീവനക്കാരുടെ നിയമനം -സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ.8 അനുസരിച്ച് നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ &റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014ലെ 25941/g2/2013/സർക്കുലർ പ്രകാരം പി.എസ്.സി.നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 26-12-2016 ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/g2/2016 കത്തുപ്രകാരം വീണ്ടും എല്ലാ സ്ഥാപനമേധാവികൾക്കും സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ടപ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും നിർദ്ദേശമുണ്ടായിരുന്നു. പാലമേൽ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം താഴെ പറയുംപ്രകാരമുള്ള ജീവനക്കാർ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവരുടെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി അല്ല ഭരണസമിതി തീരുമാനപ്രകാരം മാത്രമാണ് എന്നാണ് അറിയിച്ചിട്ടുള്ളത്.

| ക്രമ നം. | തസ്തിക | ജീവനക്കാരന്റെ പേര് |
|---|---|---|
| 1 | ക്ലാർക്ക്.,ഒ.എ. | രഞ്ജിത്ത് കൃഷ്ണൻ |
| 2 | ഡ്രൈവർ | ശ്രീജിത്ത് |

| | | |
|---|---|---|
| 3 | ക്ലർക്ക്,ഒ.എ. | രഞ്ജു.ആർ |
| 4 | ആയുർവേദ അറ്റന്റർ | മണിയമ്മ |

സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണോ നിയമനം നടത്തിയിട്ടുള്ളത് എന്ന വിവരം ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് ഉപഡയറക്ടർ ആലപ്പുഴയോട് ശുപാർശ ചെയ്യുന്നു. ദിവസവേതന/കരാർ നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## **3-24** <u>പഠനമുറി നിർമ്മാണം പൂർത്തിയായില്ല; വിദ്യാർത്ഥികൾക്ക് അർഹമായ പ്രോത്സാഹനം സാദ്ധ്യമായില്ല</u>

| | |
|---|---|
| പ്രോജക്ട് നം : പേര് | 98/18<br>ഡിഗ്രി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ആനുകൂല്യം കൈപ്പറ്റിയ 4 പേർ 2017-18-ൽ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. ഓഡിറ്റ് അന്വേഷണം നല്കിയതിനെത്തുടർന്ന് നിലവിൽ 2 പേർ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കാനുള്ളതെന്ന് അറിയിച്ചു. താഴെപ്പറയുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. നിർമ്മാണം പൂർത്തിയാകാത്തത് വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട പഠനസഹായം നിഷേധിക്കലാണ്. ഇവിടെ വിദ്യാർത്ഥികൾക്ക് പഠനസൗകര്യം ഉറപ്പാക്കുകയെന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കാനായിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | 31.03.2018 വരെ കൈപ്പറ്റിയ സബ്സിഡി |
|---|---|---|
| 1 | രാധ, രശ്മിഭവനം | 50000 |
| 2 | രാജൻ, സൂര്യാലയം | 50000 |

കുട്ടികൾക്ക് പരമാവധി വേഗം പഠനമുറി ഉപയോഗപ്പെടുത്തുവാനാകുന്ന വിധം നിർമ്മാണം വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. പഠനമുറിയുടെ നിർമ്മാണം സാധ്യമാകാത്തപക്ഷം കൈപ്പറ്റിയ സബ്സിഡിത്തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

# ഭാഗം-4

## <u>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും</u>

## **4-1** <u>സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം</u>

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 411060 | നെൽകൃഷി വികസനം. | 411060 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 765000 | പച്ചക്കറി കൃഷി വികസനം. | 765000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 125000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 104827 | 20173 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിന് സബ്സിഡി. | 200000 | - |
| ജില്ലാ പഞ്ചായത്ത് | 2017-18 | 125000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 104827 | 20173 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 14,00,000 | പൂർത്തിയാകാത്ത ഭവനങ്ങളുടെ പൂർത്തീകരണം. | 1010000 | 390000 |
| ആകെ | | | | | 430346 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | തൈക്കാരു വിള കടിവെള്ള പദ്ധതി | ബിൽ നം.5/18.07.17 | 1200000 | - | 1200000 |
| 2. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | പച്ച വിള കടിവെള്ള പദ്ധതി | ബിൽ നം.7/18.07.17 | 1200000 | | 1200000 |
| 3. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | പുതുപ്പറമ്പ് കടിവെള്ള പദ്ധതി | ബിൽ നം.9/21.08.17 | 1200000 | | 1200000 |
| 4. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | പട്ടിക ജാതി കോളനിയിലെ കടിവെള്ള പദ്ധതികൾ | | | | |
| | | 1.കുറ്റിയിൽ കോളനി പയ്യനല്ലൂർ | | 600000 | | 600000 |
| | | 2.ഇടയിലെ തുണ്ടിൽ കോളനി ഉളവുകാട് | | 600000 | | 600000 |
| | | 3.കുമാരപുരം തട്ടത്തുമല കോളനി | | 600000 | | 600000 |
| | | 4.തെക്കെ കനാൽ ചിറക്കുളം റോഡ് | | 600000 | | 600000 |
| | | 5.കടയ്ക്കാട്ടുശ്ശേരി കടിവെള്ള പദ്ധതി | | 600000 | | 600000 |
| 5. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | ചാമക്കാല വിള കടിവെള്ള പദ്ധതി | ബിൽ നം.7/ 01.01.18 | 1200000 | | 1200000 |
| 6. | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്,ആലപ്പുഴ | മലയിൽ കടിവെള്ള | ബിൽ നം.16/ 30.12.17 | 1200000 | | 1200000 |

| | | | | | | |
|---|---|---|---|---|---|---|
| | | പദ്ധതി | | | | |
| 7. | അനർട്ട് ,ആലപ്പുഴ | പഞ്ചായത്ത് ഓഫീസിനു മുകളിൽ സോളാർ പാനൽ | | 981630 | | 981630 |

## 4-3മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവനപദ്ധതി. | | 1,88,52,500 | 31,02,525 | 18,87,300 | 0 | 12,15,225 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 62461668 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59093403 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15785 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1224876 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-11 | -- | 15785 | ശ്രീമതി.ശാന്തി.ആർ.എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 454140 | കെ.എസ്.ഷീബ,സെക്രട്ടറി |
| 3-14 | 375000 | ഡോ. അൻവർ റഹ്മാൻ, വെറ്ററിനറി സർജൻ |
| 3-19 | 30000 | ശ്രീ.അനീഷ്.ജെ, എച്ച്.ഐ |
| 3-20 | 190736 | ഡോ.തനൂജ |
| 3-21 | 150000 | ശ്രീമതി. ഐശ്വര്യ,വി.ഇ.ഒ |

| | | |
|---|---|---|
| 3-22 | 25000 | ശ്രീമതി. ഐശ്വര്യ,വി.ഇ.ഒ |
| ആകെ | 1224876 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എസ്.ഷീബ, സെക്രട്ടറി | സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട ജില്ല | സിത്താര, പൂജപ്പുര.പി.ഒ, തിരുവനന്തപുരം |
| ഡോ. ആർ .എ.വാഹിദ്, വെറ്ററിനറി സർജൻ | ജില്ലാ മൃഗസംരക്ഷണ ഓഫീസ് ,ആലപ്പുഴ | നടുവിലേപ്പറമ്പ് ,സിവിൽ സ്റ്റേഷൻ വാർഡ് ,ആലപ്പുഴ |
| ശാന്തി,അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | ശിവദം, റ്റി.സി.8/1629, ചെക്കാലമുക്ക്, ശ്രീകാര്യം.പി.ഒ |
| ശ്രീമതി. ഐശ്വര്യ, വി.ഇ.ഒ | വി.ഇ.ഒ, പാലമേൽ ഗ്രാമപഞ്ചായത്ത് | കൃഷ്ണവിലാസം,ചുനക്കര .പി.ഒ |
| ഡോ.തനൂജ.എസ്. മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പാലമേൽ ഗ്രാമപഞ്ചായത്ത് | തൊടുകയിൽ, പട്ടംഉരുത്ത്, പെരിനാട്.പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 07-08, 08-09, 09-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11,11-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823/16/28.7.16 |
| 2015-16 | നം.കെ.എസ്.എ/എ.എൽ.പി/പി 6/1332/16 തീയതി.2.12.16 |
| 2016-17 | നം.കെ.എസ്.എ/എ.എൽ.പി/പി 6/1369/17 തീയതി. 15.11.17 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(25)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 08.08.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018 /ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക.1-12-ൽ പരാമർശിച്ച അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടിഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

അനുബന്ധം 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ